Reg: No K. 51

തൊഴിലാളി

Founder: Father Vadakkan :: Managing Editor B. Wellington B. A.

വാല്യം 12 | ലക്കം 126 | 1965 മേയ് 14 വെള്ളി | തൃശ്ശൂർ | വില 7 പൈസ | പേജ് 4

പശ്ചിമിൽ മാങ്ങാപ്രദർശനം

പി ടി ഐ നൃദൽഹി, മേ. 13

പ്രഥമദക്ഷിണ മേഖലാ മാങ്ങാപ്രദർശനം മെയ് 22, 23 തീയതികളിൽ പശ്ചിമിൽ വെച്ച് നടത്തപ്പെടുന്നതാണ്. കാഷ്യൂ പരീക്ഷണങ്ങൾക്കുള്ള ഇന്ത്യൻ കൗൺസിലിന്റെ ആഭിമുഖ്യത്തിലാണ് ഈ പ്രദർശനം നടക്കുക.

'തൊഴിലാളി' വരിസംഖ്യ നിരക്ക്

	പോസ്റ്റ് ഓഫീസ് വഴി	പോസ്റ്റ് വഴി
ഒരു കൊല്ലത്തേയ്ക്ക്	27_00	6_00
6 മാസത്തേയ്ക്ക്	13_50	3_00
1 മാസത്തേയ്ക്ക്	2_35	1_50

ഏജന്റുമാർക്ക് ഒരു മാസത്തേയ്ക്കുള്ള വാരാന്ത്യപ്പതിപ്പ് അടക്കം 2_10

ഒറ്റപ്രതി 0_07 0_10

മാനേജർ.

ദക്ഷിണ ഭക്ഷ്യമേഖലാ പുന: സ്ഥാപനത്തോട് വ്യക്തിപരമായി യോജിപ്പ്

കേരള ഗവർണ്ണർ എ. പി. ജയിനിന്റെ പത്രസമ്മേളനം

ഗവ: ഉദ്യോഗസ്ഥന്മാരുടെ റിട്ടയർമെന്റ് വയസ്സ് ഉയർത്തുന്നില്ല—മദ്യനിരോധനത്തിൽ അയവുവരുത്തുന്നപ്രശ്നം ഇപ്പോഴും ആലോചനയിൽ

(പി. ടി. ഐ) തിരുവനന്തപുരം മേയ് 13

ദക്ഷിണ ഭക്ഷ്യമേഖല പുനഃരാരംഭിക്കുന്നതിനെ വ്യക്തിപരമായിതാനനുകൂലിക്കുന്നുവെന്നും കേരളഗവർണ്ണർ മി. എ. പി. ജെയിൻ ഇന്നൊരു പത്രസമ്മേളനത്തിൽ പ്രസ്താവിച്ചിരിക്കുന്നു.

ദക്ഷിണ ഭക്ഷ്യമേഖലാ പുനഃരാരംഭിക്കുകയും ഈ മേഖലക്കകത്തുള്ള സ്വതന്ത്രമായ ഭക്ഷ്യധാന്യ വിനിമയം അനുവദിക്കുകയും ചെയ്താൽ കേരളത്തിലെ ഭക്ഷ്യരഹിത പ്രദേശത്തെപ്പറ്റിയുള്ള പരാതികൾ ഒഴിവാക്കാമെന്നും ഗവർണ്ണർ അഭിപ്രായപ്പെട്ടു. ഒരു പത്രലേഖകന്റെ ചോദ്യത്തിനുത്തരമായിട്ടാണ് ഗവർണ്ണർ ഇപ്രകാരം പറഞ്ഞത്.

ഇക്കാര്യം താൻ വളരെമുമ്പേതന്നെ പറഞ്ഞിട്ടുണ്ടല്ലോ എന്നും മൻ കേന്ദ്ര ഭക്ഷ്യമന്ത്രി കൂടിയായ ഗവർണ്ണർ പ്രസ്താവിച്ചു. നാലുസംസ്ഥാനങ്ങൾ ഉൾക്കൊണ്ടുള്ള പ്രസ്തുത പദ്ധതി ഒരു വിജയമായിരുന്നു.

സംസ്ഥാനഭക്ഷ്യോപദേശക സമിതി മേയ് 18—ാംതീയതി ഇവിടെ സമ്മേളിക്കുന്നു എന്നും ഗവർണ്ണർ പറഞ്ഞു. കേന്ദ്രഭക്ഷ്യമന്ത്രി മി. സി. സുബ്രഹ്മണ്യവും യോഗത്തിൽ സംബന്ധിക്കുന്നുണ്ട്. മേയ് 18—ാംതീയതി ഒരു തീരുമാനമെടുക്കുവാൻ പോവുകയാണ്. ആ തീരുമാനങ്ങൾ മുൻകൂട്ടിപ്പറയുവാൻ താൻ ആഗ്രഹിക്കുന്നില്ലെന്നും ഗവർണ്ണർ പ്രസ്താവിച്ചു.

ഇന്നത്തെ അരിറേഷൻ തോത് വർദ്ധിപ്പിക്കുമോ? ഇപ്പോഴും എതൊക്കെയോ അത്രസംബന്ധിച്ച് പറയുവാൻ തനിക്ക് കഴിയില്ലെന്ന് അദ്ദേഹം മറുപടി നൽകി. സംസ്ഥാനഭക്ഷ്യോപദേശകസമിതിയും കേന്ദ്രഭക്ഷ്യകാര്യമന്ത്രിയുമായി ചർച്ചകൾ നടത്തി ഒരു തീരുമാനമെടുക്കുന്നതായിരിക്കും.

വയർലെസ്സ് വഴി ഗവർണ്ണർ പ്രസ്താവിച്ചു

ഉള്ളതായി വിദേശവക്താവിലെ ഒരു വക്താവ് പറഞ്ഞു.

കഴിഞ്ഞ മാസം ന്യൂദൽഹിയിൽ വെച്ച് ഉന്നതതല ഇന്ത്യൻ നിർദ്ദേശം അമേരിക്കൻ ഗവണ്മെന്റിനെ ഔദ്യോഗികമായി മേയ് 1—ാംതീയതിയാണ് അറിയിച്ചതെന്നും അദ്ദേഹം ഒരു പത്രസമ്മേളനത്തിൽ പറഞ്ഞു.

രാഷ്ട്രപതി ഡോ: രാധാകൃഷ്ണന്റെ നിർദ്ദേശം ഏറ്റവും അനുരഞ്ജനാത്മകമാണെന്ന് മറ്റു വൃത്തങ്ങൾ വിവരിച്ചു. ഉത്തരവിയറ്റ്നാമിൽ അമേരിക്ക ഏകപക്ഷീയമായി ബോംബിങ്ങ് നിർത്തണമെന്ന നിർദ്ദേശത്തേക്കാൾ വളരെ യാഥാർത്ഥ്യമായ നിർദ്ദേശമാണിതെന്നും ഈ വൃത്തങ്ങൾ അഭിപ്രായപ്പെട്ടു.

ഷേക്കിന്റെ ഷോപ്പിംഗ്

ഊട്ടി മേയ് 13

പൊച്ചയ്ക്ക് സായാഹ്നത്തിൽ ഷേക് അബ്ദുള്ള ഊട്ടിനഗരത്തിൽ ഒരു ഷോപ്പിംഗ് നടത്തുകയുണ്ടായി. തന്നെയുമല്ല തടവിൽ പാർപ്പിച്ചിരിക്കുന്ന ബക്ഷിഗുലാമിന്റെ പുത്രനുവേണ്ടി ഷേക് അബ്ദുള്ള ഒരു ഉയർന്ന പോലീസ് ഉദ്യോഗസ്ഥനും നീലഗിരി കലക്ടറുടെ പി. എ.യും അനുഗമിച്ചിരുന്നു.

ഷേക് അബ്ദുള്ളയും പാർട്ടിയും കയറിയ ഒരു കടയ്ക്ക് പുറത്ത് തടിച്ചുകൂടിയ ആകാംക്ഷാഭരിതരായ ജനങ്ങളുടെ നേരെതിരിഞ്ഞ് അദ്ദേഹം പഞ്ചമിരിയുകയും 'നമസ്കാരം' എന്നുച്ചരിച്ചുകൊണ്ട് അഭിവാദ്യം ചെയ്യുകയുമുണ്ടായതായും അറിയുന്നു.

ഒരു ജൗളിക്കടയിൽനിന്നും അദ്ദേഹം അത്യാവശ്യമായിവേണ്ടുള്ള മുണ്ടിനേരങ്ങൾ വാങ്ങിയതെ, കരിമ്പുനിന്നു കൊറ ടോയിലറും സമാനങ്ങളും. വൈകുന്നേരം ഊട്ടിയിലെ ഒരു സിനിമാതിയേറ്ററിൽപോയി ഷേക്കും കുട്ടികളും 'തുട്ടി പ്രൊഫസർ' എന്ന ഒരു ഹോളിവുഡ് ചിത്രം കാണുകയുണ്ടായി.

— പി ടി ഐ

ഗോപാലന്റെ കത്ത് ഒരു രാഷ്ട്രീയരേഖ

(പി ടി ഐ) ന്യൂഡൽഹി, മെ 14

ജയിലിൽനിന്നും മി. എ. കെ. ഗോപാലൻ,മി എൻ.സി.ചാറ്റർജിക്ക് അയച്ച കത്തു ഗവണ്മെന്റിനെ നിശിതമായി വിമർശിച്ചുകൊണ്ടുള്ളതാകയാൽ,അതു നിയമോപദേശം തേടിക്കൊണ്ടുള്ള ഒരു കത്തായിട്ടല്ല, ഒരു രാഷ്ട്രീയരേഖയായി പരിഗണിക്കുന്നതുകൊണ്ട് ഗവണ്മെന്റ് അതു പിടിച്ചുവെച്ചിരിക്കുകയാണെന്ന് സ്റ്റേറ്റ് ധനകാര്യമന്ത്രി ബി. ആർ. ഭഗത് ഇന്നു രാജ്യസഭയിൽ വെളിപ്പെടുത്തിയിരിക്കുന്നു.

വിയറ്റ്നാമിനു വേണ്ടിയുള്ള രാധാകൃഷ്ണന്റെ നിർദ്ദേശം

അമേരിക്ക ശ്രദ്ധാപൂർവ്വം പരിഗണിക്കുന്നുവെന്ന്

വാഷിംഗ്ടൺ, മേ. 13

വിയറ്റ്നാമിലെ ആക്രമണങ്ങൾ അവസാനിപ്പിക്കുന്നതിനും രാജ്യത്തിന്റെ ഇരുഭാഗങ്ങൾക്കുമിടയിലുള്ള അതിർത്തിയിൽ ആധ്യോ-ഏഷ്യൻ പോലീസ് സേനയെ നിയുക്തനാക്കുന്നതിനുമായി രാഷ്ട്രപതി ഡോക്ടർ രാധാകൃഷ്ണൻ ഉന്നയിച്ച നിർദ്ദേശങ്ങൾക്ക് ഇവിടെ ശ്രദ്ധാർഹമായ പരിഗണന നൽകിയിട്ടുള്ളതായി വിദേശവകുപ്പിലെ ഒരു വക്താവ് പറഞ്ഞു.

കഴിഞ്ഞ മാസം ന്യൂദൽഹിയിൽ വെച്ച് ഉന്നതതല ഇന്ത്യൻ നിർദ്ദേശം അമേരിക്കൻ ഗവണ്മെന്റിനെ ഔദ്യോഗികമായി മേയ് 1—ാംതീയതിയാണ് അറിയിച്ചതെന്നും അദ്ദേഹം ഒരു പത്രസമ്മേളനത്തിൽ പറഞ്ഞു.

രാഷ്ട്രപതി ഡോ: രാധാകൃഷ്ണന്റെ നിർദ്ദേശം ഏറ്റവും അനുരഞ്ജനാത്മകമാണെന്ന് മറ്റു വൃത്തങ്ങൾ വിവരിച്ചു. ഉത്തരവിയറ്റ്നാമിൽ അമേരിക്ക ഏകപക്ഷീയമായി ബോംബിങ്ങ് നിർത്തണമെന്ന നിർദ്ദേശത്തേക്കാൾ വളരെ യാഥാർത്ഥ്യമായ നിർദ്ദേശമാണിതെന്നും ഈ വൃത്തങ്ങൾ അഭിപ്രായപ്പെട്ടു.

വർദ്ധിച്ച അരിവില

സംസ്ഥാനത്തെ പരമ്പരാഗതക്കാരിൽ അരിയുടെവില വളരെ ഉയർന്നതാണെന്ന പരാതിലേഖകന്മാരുടെ അഭിപ്രായത്തോട് ഗവണ്മെന്റ് യോജിച്ചു. നിയന്ത്രിതവിലയ്ക്കാളും അന്തമുതൽ 70 ശതമാനം വിലവർദ്ധനവുണ്ട്. ഉയർന്നവിലക്ക് അരിവിറ്റഴിക്കുന്നതിനെതിരെ കർശനനടപടി സ്വീകരിക്കുന്നതിനും അനേകം പേരെ പ്രോസിക്യൂട്ടുചെയ്തുതായും ഗവർണ്ണർ പറഞ്ഞു.

റിട്ടയർമെന്റ് വയസ്സ് ഉയർത്തുന്നില്ല

ഗവണ്മെന്റ് ജീവനക്കാരുടെ റിട്ടയർമെന്റ് വയസ്സ് നിലവിലുള്ള 55—ൽ നിന്നും ഉയർത്തുന്നതിനുദ്ദേശമൊന്നുമില്ലെന്ന് കേരള ഗവണ്മെന്റ് തീരുമാനമെടുത്തിട്ടുണ്ട്.

റിട്ടയർമെന്റ് വയസ്സ് 58 ആക്കി ഉയർത്തുന്നതുസംബന്ധിച്ച് ഒരു നിർദ്ദേശം കഴിഞ്ഞ മന്ത്രിസഭാ കാലത്തുണ്ടായിരുന്നുവെങ്കിലും പരിഗണനക്ക് വരിക്കുന്നതായിരുന്നുവെങ്കിലും തീരുമാനം നീട്ടിവെച്ചിരിക്കുകയായിരുന്നു. ഇന്നലെ നടന്ന മന്ത്രിസഭായോഗത്തിലും ഈ വിഷയം ചർച്ചചെയ്യുന്നതിനും അഭിപ്രായരൂപീകരണത്തിനും ഒരു സംഘം കേന്ദ്രഗവണ്മെന്റ് ഉദ്യോഗസ്ഥന്മാർ സംസ്ഥാനസന്ദർശനത്തിനുവരുന്നതായും ഗവണ്മെന്റ് പറഞ്ഞു.

നെല്ലിന്റെവില സംബന്ധിച്ച് ഗവണ്മെന്റ് എടുത്ത നടപടികളുടെ ഫലമായി നെല്ലിന്റെവില വളരെ ഏറെ പുരോഗമിച്ചിട്ടുണ്ട്. കുട്ടനാട്ടെ കർഷകർ ഇപ്പോൾ അവരുടെ ലെവി നൽകിക്കൊണ്ടിരിക്കുകയാണ്. പാലക്കാട്ടു ജില്ലയിൽ നിശ്ചിയിച്ചലെവിയേക്കാൾ കൂടുതൽ നെല്ല് ലഭിച്ചു. കുട്ടനാട്ടു കർഷകരോട് താൻ വളരെ സൗമനസ്യത്തോടെയാണ് മാറിയതെന്നും അവരുടെ ലെവി മൂന്നിൽ രണ്ടുഭാഗമെങ്കിലുമാക്കുവാനും അദ്ദേഹം പറഞ്ഞു. ഇനിയും അവർ ലെവി നൽകുവാൻ കൂട്ടാക്കാതിരിക്കുകയാണെങ്കിൽ നിയമത്തിന്റെ സഹായം തേടേണ്ടിവരുമെന്നതു വേദനാജനകമായ തന്റെ കർത്തവ്യമാണെന്നും അദ്ദേഹം പറഞ്ഞു.

ലെവിസംഭരണംമൂലം ഉല്പാദനത്തിൽ കുറവുവരുമെന്ന കരുതുന്നുണ്ടോ എന്ന ചോദ്യത്തിനു ഈ പ്രശ്നങ്ങൾ എല്ലാം പരിശോധിക്കുന്നതായിരിക്കുമെന്ന് ഗവണ്മെന്റ് മറുപടി നൽകി.

മദ്യനിരോധനപ്രശ്നം

മദ്യനിരോധനത്തിൽ അയവുവരുത്തുന്ന പ്രശ്നം സംസ്ഥാനഗവണ്മെന്റ് ഇപ്പോഴും പരിശോധിച്ചുകൊണ്ടിരിക്കുകയാണെന്ന് അതു സംബന്ധിച്ച ചോദ്യങ്ങൾക്ക് മറുപടിയായി ഗവണ്മെന്റ് പ്രസ്താവിച്ചു. ഒരുവിഭാഗം പത്രങ്ങളിൽ റിപ്പോർട്ടുചെയ്തിട്ടുള്ളതുപോലെ ഈ പ്രശ്നം തള്ളിക്കളഞ്ഞിട്ടില്ല. മദ്യനിരോധനത്തിൽ അയവുവരുത്തുന്നതു സംബന്ധിച്ച് ഏതുതരത്തിലാണ് ചിന്തിക്കുന്നതെന്നതിനെപ്പറ്റി പറയാൻ അദ്ദേഹം കൂട്ടാക്കിയില്ല.

പുതിയ പദ്ധതി

ഈ നടപ്പുവർഷത്തിൽ ഉടനടി ഫലംചെയ്യുന്ന ഏതാനും ലേബർ ഇൻടെൻസീവ്പദ്ധതികളും ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നതായി ഗവണ്മെന്റ് അറിയിച്ചു. ഇതിനു 15 കോടി മുതൽ 20 കോടി രൂ. വരെ ചിലവു വരുമെന്നു കണക്കാക്കപ്പെടുന്നു. ഈ വർഷത്തെ ബഡ്ജറ്റിൽ ഇതിനുംവേണ്ട പ്രാരംഭനടപടികൾ സ്വീകരിച്ചിരിക്കുന്നതിനുള്ള പൂർണ്ണമായ അധികാരം ഗവണ്മെന്റിനുണ്ട്. ഇതു സംബന്ധിച്ചു മന്ത്രിസഭായോഗത്തിൽ തീരുമാനമെടുത്തിട്ടുണ്ട്.

ഇടുക്കി പദ്ധതി രൂപം (50 കോടി രൂ.) പ്രതീക്ഷിക്കുന്നതിനുള്ള സംസ്ഥാനത്തെ വിഭവവിനിയോഗപദ്ധതികളും പ്രത്യേകം പരിശോധിക്കുന്നുണ്ട്. ഇതു സംബന്ധിച്ചു സംസ്ഥാനാസൂത്രണബോർഡിന്റെ നിർദ്ദേശം കേന്ദ്രഗവണ്മെന്റിനു ലഭിച്ചിട്ടുണ്ട്. ഒഴിഞ്ഞ വയറുകളെ തീറ്റുവാനുള്ള പ്രത്യേക പരിപാടിയെപ്പറ്റിയും ഗവണ്മെന്റ് ആലോചിച്ചുവരുന്നതായി അറിയുന്നു.

ഞാനൊരു ജോസ്യനല്ല

തിരുവനന്തപുരം, മേ. 13

"ഞാനൊരു ജോസ്യനല്ല" കേരളത്തിലെ അടുത്ത പൊതുതിരഞ്ഞെടുപ്പ് എപ്പോൾ നടത്തുമെന്നാണ് പ്രതീക്ഷിക്കുന്നതെന്നു ചോദിച്ച ഒരു പത്രലേഖകനോടു ഗവർണ്ണർ ജയിൻ നല്കിയ മറുപടിയാണ് മുകളിൽ കൊടുത്തത്. പ്രസിദ്ധജ്യോതിഷന്റെ ഇപ്പോഴത്തെ ആരോഗ്യസ്ഥിതിയെപ്പറ്റിയുള്ള ചോദ്യത്തിനു മറുപടിയായിട്ടായിരുന്നു ഈ വിനോദപ്രസ്താവം. ഒരു ലേഖകൻ വീണ്ടും ചോദിച്ചു. "നമുക്ക് കാത്തിരുന്നു കാണാം" എന്നു ഗവണ്മെന്റ് മറുപടി നല്കി.

(പി ടി ഐ)

പാക്കിസ്ഥാന്റെ ആരോപണം

(പി ടി ഐ) കറാച്ചി മെ, 13

കി. പാക്കിസ്ഥാൻ അതിർത്തിയായ ലതിതില്ലയിൽ ഇന്ത്യ തുടർച്ചയായി കനത്ത ഓർവെപ്പ് നടത്തിയതായി പാക്കിസ്ഥാൻ ഇന്നുരയ കുറപ്പെട്ടതായിരിക്കുന്നു.

മാർച്ചിൽ കഴപ്പഞ്ചാം നടന്ന ഛാഗ് പ്രദേശത്തിനടുത്തുള്ള ഇന്ത്യൻ പ്രദേശത്തുനിന്നാണ് ഷെല്ലാക്രമണം നടന്നതെന്നു പാക്കിസ്ഥാൻ ആരോപിക്കുന്നു.

പാക്കിസ്ഥാനുള്ള കുറിപ്പ് പ്രസിദ്ധീകരിച്ചു

(പി ടി. ഐ.) ന്യൂദൽഹി മേ. 13

ഷില്ലോങ്ങിലെ അസിസ്റ്റന്റ് ഡയറക്ടർ റെക്കമ്മീഷൻ ഓഫീസ് ജൂൺ 13—നകം-യോഗ്യരായ അടച്ചുപൂട്ടണമെന്നും ആവശ്യപ്പെട്ടുകൊണ്ടു പാകിസ്ഥാൻ ഗവർമ്മെണ്ടിനു അയച്ച ഒരു കുറിപ്പു ഇന്ത്യാ ഗവർമ്മെണ്ടിനു ലഭിച്ചിരിക്കുന്നതായി പ്രസിദ്ധീകരിച്ചിരിക്കുന്നു.

കുറിപ്പ് പാക്കിസ്ഥാൻ ഹൈക്കമീഷണർക്ക് കഴിഞ്ഞ ഫെബ്രുവരിയാണ് നൽകിയതു.

ഉഭകക്ഷിവ്യവസായമേഖലാസ്ഥാപനങ്ങൾക്കരണനയത്തിൽ മാറ്റംവരുത്തുന്നില്ല

[റോയിട്ടർ) ലോൺഡൺ, മെ 12

ബ്രിട്ടനിലെ ഉഭകക്ഷിവ്യവസായത്തെ പരിപൂർണ്ണമായും ദേശസാൽക്കരിക്കുന്നതിനു താൻ സമ്മർദ്ദം ചെലുത്തുമെന്നും പ്രധാനമന്ത്രി ഹരോൾഡ് വിൽസൺ ഇന്ന് അഞ്ചു ലേബർപാർട്ടി അംഗങ്ങൾക്ക് ഉറപ്പുകൊടുത്തിരിക്കുന്നു. ഒരു നിക്ഷിപ്തതാൽപര്യങ്ങളിൽ ഈ പ്രശ്നത്തെ സംബന്ധിച്ചുണ്ടായിട്ടുള്ള വിമർശനങ്ങൾ മായ ഭീതിപ്പിച്ച് കഴിയുംവേഗത്തിൽ പരിഹരിക്കേണ്ടതിന്റെ ആവശ്യകതയെ അദ്ദേഹം ബോധ്യത്തിൽ ഉണർത്തിയായി കയുണ്ടായി.

....

പ: ജർമ്മനിയുമായി നയതന്ത്രബന്ധം വിഛേദിക്കുന്നു

(എ എഫ് പി) കെയ്റോ, മേ 12

ജർമനിയുമായുള്ള നയതന്ത്രബന്ധം വിഛേദിച്ചുകൊണ്ടുള്ള വിജ്ഞാപനം ഐക്യഅറബിറിപ്പബ്ലിക് നാടിനു പുറപ്പെടുവിക്കുന്നതുണ്ടെന്ന് മിഡിൽഈസ്റ്റ് ന്യൂസ് ഏജൻസി റിപ്പോർട്ടുചെയ്യുന്നു.

ഒരു അധികൃതവൃത്തത്തെയാണ് ഏജൻസി ഈ വാർത്തക്ക് ആധാരമാക്കിയിരിക്കുന്നത്.

ശാസ്ത്രി സോവ്യറ്റ് നേതാക്കളുമായി ചർച്ച തുടരുന്നു

(പി ടി ഐ) മോസ്കോ മേ. 13

സോവ്യറ്റ് പ്രധാനമന്ത്രി മി. കോസിജിനുമായി പ്രധാനമന്ത്രി മി. ശാസ്ത്രി ക്രെംലിനിൽവെച്ച് സംഭാഷണം ഇന്നു പുനരാരംഭിച്ചു. അന്തർദ്ദേശീയ കാര്യങ്ങളും പരസ്പരം താല്പര്യമുള്ള മറ്റു പ്രശ്നങ്ങളും സംബന്ധിച്ച് അവർ ചർച്ച ചെയ്തു. സംഭാഷണം ഏതാണ്ട് മൂന്നുമണിക്കൂർ നീണ്ടുനിന്നു.

ഇന്നു സോവ്യറ്റ് പ്രധാനമന്ത്രി മി. കോസിജിനും, ഭക്ഷിണപൂർവ്വേഷ്യയിലെ സ്ഥിതിഗതികളും എന്നിവയെപ്പറ്റിയും അവർ ചർച്ചകളും നടത്തിയതായറിയുന്നു.

സംഭാഷണം സൌഹാർദ്ദപരവും ഫലദായകവുമായ കരന്തരീക്ഷത്തിലായിരുന്നു, അനേകം അന്തർദ്ദേശീയ പ്രശ്നങ്ങളും സംബന്ധിച്ച് അന്യോന്യം അഭിപ്രായവിനിമയം ചെയ്യുന്ന സ്വഭാവത്തിലായിരുന്നു ചർച്ചകളും നടന്നതു.

പ്രധാനമന്ത്രി മി. കോസിജിനും പ്രാതൽ, മന്ത്രിസഭാകൌൺസിലിന്റെ ഡെപ്യൂട്ടി ചെയർമാൻ മി. അലക്സാണ്ടർ ഷെലെപിൻ, വിദേശവാണിജ്യകാര്യമന്ത്രി മി. നികോലായ്പാതോലിച്ചേവു, വിദേശരാജ്യങ്ങളുമായുള്ള സാമ്പത്തിക കാര്യബന്ധ കമ്മറിയുടെ ചെയർമാൻ മി. സെംയോൺസ്തുത്ച്ച്കോവു, ഒന്നാം ഡെപ്യൂട്ടി വിദേശകാര്യമന്ത്രി മി. വാസിലി കസ്നെത്സോവു എന്നിവരും സോവ്യറ്റുഭാഗത്തുനിന്നുമായി സംഭാഷണത്തിൽ പങ്കെടുത്തു. പ്രധാനമന്ത്രി മി. ശാസ്ത്രിക്കുപുറമെ, വിദേശകാര്യമന്ത്രി മി. സ്വരൺസിംഗ്, ഇന്ത്യൻ അമ്പാസിഡർ മി, ടി. എൻ. കൌൾ, പ്രധാനമന്ത്രിയോടൊപ്പമെത്തിയിട്ടുള്ള ഉദ്യോഗസ്ഥന്മാർ എന്നിവരും ഇന്ത്യയെ പ്രതിനിധീകരിച്ചു.

ലെനിന്റെ ശവകുടീരത്തിൽ റീത്തുസമർപ്പിച്ചു

ലെനിന്റെ ശവകുടീരത്തിൽ പ്രധാനമന്ത്രി മി. ശാസ്ത്രി ഇന്നു റീത്തുസമർപ്പിച്ചു. റീത്തിലെ ചുവന്ന റിബണിൽ ഇങ്ങനെ എഴുതിയിരുന്നു: ഇന്ത്യയുടെ യഥാർത്ഥ സുഹൃത്തു മഹാനായ ലെനിന്റെ ശാശ്വതസ്മരണയ്ക്കു"; ഇന്ത്യയുടെ പ്രധാനമന്ത്രിയിൽനിന്നു".

പിന്നീട് അദ്ദേഹം ശവകുടീരത്തിനുള്ളിലേയ്ക്കു കടന്നു ഗ്ലാസ്കാസ്ക്കെഠിൽ സൂക്ഷിക്കുന്ന ലെനിന്റെ മൃതദേഹത്തിനു മുമ്പിൽ തലകുനിച്ച് അല്പസമയം മൌനമാചരിച്ചു നിന്നു.

തന്റെ അഭിപ്രായമാരാഞ്ഞ മോസ്കോ റേഡിയോ ലേഖകനോടു ശാസ്ത്രി ഈ ശവകുടീരത്തിൽ നടത്തിയ സന്ദർശനം തന്നെ ഹഠാദാകർഷിച്ചുവെന്നു മറുപടി പറഞ്ഞു. ഈ ലോകത്തു ജനിച്ച ഏറ്റവും മഹാന്മാരിലൊരാളാണ് ലെനിൻ. അദ്ദേഹത്തിന്റെ സ്മരണക്കുമുമ്പിൽ, വിനീതമായ എന്റെ അഭിവാദ്യങ്ങൾ ഞാൻ അർപ്പിക്കുന്നു.

പിന്നീടു മി. ശാസ്ത്രിയെ ഈ ശവകുടീരത്തിന്റെ പിൻഭാഗത്തുള്ള കൊണ്ടുപോയി. അവിടെയാണ് അനേകം സോവ്യറ്റ് പ്രമുഖന്മാരെ സംസ്കരിച്ചിരിക്കുന്നതു. കലിനിൻ, ഫ്രൻസിൻ സ്കി, സ്റ്റാലിൻ എന്നിവരുടെ കുഴിമാടങ്ങളും ശാസ്ത്രിക്കു കാണിച്ചുകൊടുത്തു.

കോസിജിൻ അത്താഴമിക്കും

രണ്ടുദിവസത്തെ സന്ദർശനാർത്ഥം അടുത്ത ശനിയാഴ്ച രാത്രി ലെനിൻഗ്രാഡിലേക്കു പോകുന്ന പ്രധാനമന്ത്രി ശാസ്ത്രിയെ സോവ്യറ്റ് പ്രധാനമന്ത്രി മി. കോസിജിൻ അത്താഴമിക്കുന്നതാണ്. സോവ്യറ്റ് യൂണിയനിലെ ഏതെങ്കിലും സിറ്റിയിൽ സന്ദർശനം നടത്തുന്ന ഒരു പ്രധാനമന്ത്രിയെ സോവ്യറ്റ് പ്രധാനമന്ത്രി അത്താഴമിക്കുക എന്നതു തികച്ചും അസാധാരണമായ ഒരു നടപടിയായി ഇവിടെ പരിഗണിക്കപ്പെടുന്നു.

ഇന്ത്യൻ പാർലിമെന്റ് ജോലിയെക്കുന്ന എലക്ട്രോസിയ ഫാക്ടറി കാണുന്നതിനായി കഴിയംവിധം ഒരു ദിവസത്തേക്കൂടി മി. കോസിജിന്റെ അഭ്യർത്ഥനയനുസരിച്ച് ശാസ്ത്രി തന്റെ ലെനിൻഗ്രാഡ്സന്ദർശനം നീട്ടി. ഞായാഴ്ച മടങ്ങുന്നതിനായിരുന്ന പരിപാടി. പ്രവർത്തിദിവസമായ തിങ്കളാഴ്ച രാത്രിയിലായിരിക്കുന്നു.

....

ഷേക്കിനെ കണ്ട ബ്രി. പത്രപ്രവർത്തകൻ

രണ്ടാഴ്ചയ്ക്കകം ഇന്ത്യ വിടാൻ ഉത്തരവിട്ടു

— പി. ടി. ഐ. —

ഊട്ടി, മേയ് 13

മേയ് 10—ാംതീയതി അബ്ദുള്ളയുമായി ഒരു കൂടിക്കാഴ്ച നടത്തിയ ഒരു ബ്രിട്ടീഷ് ജെന്റ്സ്മാനോട് മി. ടോംസ്റ്റാഡിയുടെ ഇറങ്ങിനിന്നും തടവിനും ഇടയാക്കിയ സാഹചര്യങ്ങളെ വിശദീകരിച്ചുകൊണ്ടു മദിരാശി ഗവണ്മെന്റ് ഒരു പ്രസ്താവന പുറപ്പെടുവിച്ചിരിക്കുന്നു.

പ്രസ്താവനയിൽ ഇങ്ങനെ പറയുന്നു: ഷേക്കും അബ്ദുള്ളയെ തടവിലാക്കിയ ഭവനത്തിൽ പ്രവേശിച്ച ഒരു ബ്രിട്ടീഷ് വംശജനായ സ്റ്റാസിയുടെ അറസ്റ്റ് വ്യാപകമായി റിപ്പോർട്ടു ചെയ്യപ്പെടുകയും ഇന്ത്യക്കകത്തുപുറത്തുള്ള പത്രങ്ങളിൽ അതു അഭിപ്രായപ്രകടനത്തിനുള്ളൊരു വിഷയമായിതീരുകയും ചെയ്തിട്ടുള്ളതായി ഗവണ്മെന്റ് കാണുന്നു. ഈ അറസ്റ്റിനെപ്പറ്റി താഴെപറയുന്ന വസ്തുതകൾ പൊതുജനസമക്ഷം അറിയിക്കുവാൻ ഗവണ്മെന്റ് ആഗ്രഹിക്കുന്നു.

മേയ് 10—ാംനു- രാവിലെ 7_30നു് ഒരു വിദേശി, നീലഗിരി കലക്ടറെ തന്റെ വീട്ടിൽ പെന്നു കാണുകയും ഷേക് അബ്ദുള്ളയെ കാണുന്നതിനു് അനുവാദം അഭ്യർത്ഥിക്കുകയും ചെയ്തു. തന്റെപേർ പ്രെസ്റ്റ് എന്നാണെന്നും ഷേക് അബ്ദുള്ള തന്റെ ഒരു പഴയ കളംബന്ധുവാണെന്നും അയാൾപറഞ്ഞു. ഊട്ടിയിൽ പിയേഴ്സ്ലെസ്ളി കമ്പനിയിലാണ് താൻ താമസിക്കുന്നതെന്നും കലക്ടറെ ഇയ്യാൾ അറിയിച്ചു.

വേണ്ടരുപരിഗണനകൾ നടത്തിയശേഷം ഉത്തരവു പുറപ്പെടുവിക്കുവാൻ കഴിയുംവിധം ഒരു ഹ്രസ്വ എഴുത്തു കൈമാറുകയാൻ കലക്ടർ ഈ വിദേശിയോടു് ആവശ്യപ്പെട്ടു. അദ്ദേഹം സംഭവം നടന്ന പക്കൽനിന്നും ഷേക് അബ്ദുള്ള താമസിക്കുന്ന വസതിയിലേക്കുപോയി. വീട്ടുപരിസരത്തിന്റെ പ്രവേശനകവാടത്തിൽ നിന്നിരുന്ന കാവൽക്കാർ പോലും ഒരു തടസ്സവും നൽകിയില്ല. ഇതെല്ലാം ഇയ്യാളെ സംബന്ധിച്ച സംശയത്തിന്നിടയാക്കി. സംശയരഹിതമായവിധത്തിൽ ഇയ്യാളുടെ ശരിയായ വിവരം ലഭിക്കേണ്ടതു് അഭിലഷണീയമാണെന്നു് തീരുമാനിച്ചു. അതിനായി, ബി. ആർ.പി.സി. 54—ാം വകുപ്പനുസരിച്ചു് അയാളെ അറസ്റ്റ് ചെയ്തു. അയാളുടെ കോയമ്പത്തൂർ ജയിലിലേക്ക് മാറ്റുകയും ചെയ്തു.

ജയിലിൽ സംഭാഷണം

കോയമ്പത്തൂർ, മേ 13

ബ്രിട്ടീഷ് പത്രപ്രവർത്തകനായ ടോംസ്റ്റാസിയുടെ അറസ്റ്റും തടങ്കലും സംബന്ധിച്ച് അടിയന്തിരമായും ന്യൂദൽഹിയിലെ ബ്രിട്ടീഷ് ഹൈക്കമ്മീഷണർ റിപ്പോർട്ടുചെയ്യണമെന്നാവശ്യപ്പെട്ടതിനായി മദിരാശിയിലുള്ള ബ്രിട്ടീഷ് ഹൈക്കമ്മീഷൻ ഓഫീസിലെ ഒരു ഉദ്യോഗസ്ഥനായ മി. ആർ. എസ്. കമ്മിംഗ്സ് ഇവിടെ എത്തി ജയിലിൽ കഴിയുന്നസ്റ്റാസിയുമായി കുറച്ചു മണിക്കൂർനേരം സംഭാഷണം നടത്തിയിരിക്കുന്നു.

മി. കമ്മിംഗ്സിനോടുമാപ്പും, കോയമ്പത്തൂരിലെ ബ്രിട്ടീഷ് ഡിറക്ടറേറ്റ് അസോസിയേഷൻ ചെയർമാൻ മി. എ. എഫ്. ഡബ്ല്യു. ലോവുമായിരുന്നു. ഏതുസാഹചര്യത്തിലാണ് അറസ്റ്റുചെയ്യപ്പെടുന്നതെന്നതിനെപ്പറ്റിയാണ് മി. സ്റ്റാസിയുമായിസംഭാഷണം നടത്തിയതു്.

മി. സ്റ്റാസിയെ മോചിപ്പിക്കുന്നതിനായി ബ്രിട്ടീഷ് ഗവണ്മെന്റ് എടുക്കുന്ന നടപടികളെപ്പറ്റി ഇപ്പോൾ താനിക്കൊന്നും വെളിപ്പെടുത്തുവാൻ കഴിയുകയില്ലെന്ന് മി. കമ്മിംഗ്സ് പറഞ്ഞു. മി. സ്റ്റാസിയെ മോചിപ്പിക്കുന്നതിനെപ്പറ്റി സംഭാഷണം നടത്തുവാൻ താൻ ഊട്ടിയിൽ പോയി ജില്ലാകളക്ടറേയും മദിരാശി ഗവണ്മെന്റിന്റെ ചീഫ് സെക്രട്ടറിയേയും കാണുന്നുണ്ട്.

തന്റെ അഭ്യർത്ഥനകൾ നിരുപ

തൊഴിലാളി

പോസ്റ്റ്ബോക്സ് 90
ടെലഫോൺ 125

1965 മേയ് 14_ാംനു- വെള്ളി

ഉദ്യോഗസ്ഥഭരണം

—o—

കേരളത്തിൽ ജനാധിപത്യഗവ മ്മേണ്ടിനെ അട്ടിമറിക്കുവാൻവേ ണ്ടി മനഃപൂർവ്വമായോ അല്ലാതെ യോ ശ്രമിച്ചുവരുന്ന നടത്തുകയാ ണ്° കേന്ദ്രസർക്കാർ ചെയ്യുമെന്നും° ഒരു പ്രതിപക്ഷനേതാവു° ലോക് സഭയിൽവെച്ച് പ്രഖ്യാപിക്കയു ണ്ടായി. കോൺഗ്രസ്സുകാർ ബോധ പൂർവ്വം നാലാംവട്ടം പ്രസിഡണ്ടുഭ രണം കേരളത്തിലെ ജനതയുടെ മേൽ അടിച്ചിറക്കിയതാ ണെ ന്നും° ഞങ്ങളും അന്നേ പറഞ്ഞതാണ്°. തന്നെയുമല്ല കേരളത്തിലെ പുതിയ ഗവണ്മെന്റ്, താൻ കേരളാ ഗവണ്മെന്റാ കണമെങ്കിൽ അവിടെ പ്രസിഡണ്ടുഭരണമായിരിക്കണമെന്നും° നിർബന്ധംപിടിച്ചിരുന്ന വസ്തുത അങ്ങാടിയിൽ പാട്ടാണ്°. പ്രസിഡണ്ടുഭരണകാലത്തു° രാജ്യത്തോട്ടുള്ള കടമ നിവ്വഹിക്കുവാൻ എതു നല്ല വനായ ഒരു ഗവണ്മെന്റിക്കായാലും സാദ്ധ്യമാവുകയില്ല; എന്തെന്നാൽ കോൺഗ്രസ്സ് പാർട്ടിയോടുള്ള കടപ്പാട് സത്യസന്ധമായി നിവ്വഹിക്കണമെന്നു മാത്രമായിരിക്കുമല്ലോ; സാധാരണഗതിയിൽ ഗവ ണ്മെന്റ് ആശിക്കുക. അപ്പോഴും ശുദ്ധ വും കാര്യക്ഷമവുമായ ഒരു ഭരണം, ഇവിടെ ഉണ്ടാവുക എളുപ്പമല്ല. അ തരമൊരു ഭരണത്തിനുള്ള ഉറപ്പു മായിട്ടാണ്° ഗവണ്മെന്റ് ശ്രീ. ജയി ൻ കേരളത്തിലെത്തിയതെന്ന വ സ്തുത ഞങ്ങളും മറച്ചുപിടിക്കുകയ ല്ല; അതൊരു നയപ്രഖ്യാപനമാ യിക്കരുതിയാൽമതി. പാർലിമെന്റു സമ്മേളിച്ചിരുന്ന കാലത്തു° പാ ർലിമെന്റിനോടാലോചി ക്കാതെ പ്രസിഡന്റിന്റെ വിളംബരം പു റപ്പെടുവിച്ച ഡൽഹിയിലെ 'മ ന്നേസൂൽത്താന്മാരു'ടെ സ്വരത്തില ല്ല അവരെയുണ്ണുന്ന ആളിനും സം സാരിക്കാനൊക്കുള്ള.

അഴിമതിയില്ലാത്ത, കാര്യക്ഷമ മായ ഒരു ഭരണം ഇവിടെ ഉണ്ടാ കുമെന്നതിന്റെ യാതൊരു സൂചന യും ഇന്നേവരെയും ഞങ്ങൾക്കു കാ ണുവാൻ സാധിച്ചിട്ടില്ല. മറിച്ച് ഉദ്യോഗസ്ഥപ്രമാണികൾക്ക്, പ തുക്കിച്ചും തിരുവനന്തപുരത്തെ ഉ ദ്യോഗസ്ഥന്മാർക്ക് എന്തഴിഞ്ഞാ ട്ടിവും നടത്താമെന്ന ഒരു നില സംജാതമായിരിക്കുന്നു. ഭയങ്കരമാ യ ഈ യഥാർത്ഥ്യത്തെക്കുറിച്ച് കേരളത്തിന്റെ വിവിധഭാഗങ്ങളി ൽനിന്നും ഞങ്ങൾക്ക് നിരവധി റിപ്പോർട്ടുകൾ ലഭിക്കുന്നുണ്ട്. രാ ജ്യത്തിനകത്തും നടക്കുന്ന എതു പ്രമേയസങ്ങളും, പതുപ്പവത്ത കർ പുറത്തു കൊണ്ടു വരുമെന്ന ഭയവും തമാശും വന്നിട്ടുണ്ടെ ന്നു° ശാസ്ത്രീ തന്നെ കഴിഞ്ഞ ദിവ സം പറയുകയുണ്ടായല്ലോ. ജനങ്ങ ളെ സംബന്ധിച്ച അതിപ്രധാന മായ കാര്യങ്ങളെക്കുറിച്ച് അല്പ മൊന്നു തിട്ടക്കത്തിൽ ചിന്തിക്ക വാൻ ഉദ്യോഗസ്ഥമേധാവികൾ ത യ്യാറാവുന്നില്ല. മാത്രമല്ല ബോധ പൂർവ്വം കാര്യങ്ങൾ കഴയ്ക്കുകയും ചെ യ്യുന്നു. പണ്ട് ഉദ്യോഗസ്ഥന്മാരു ടെ ഇതരം ഊർജ്ജോത്തിനെതിരെ യും എൽ. എ. മാർക്കു° ഏതൊരു കിലും ശബ്ദമുണ്ടാക്കുവാൻ കഴിയുമായി രുന്നു; മന്ത്രിമാർ കഴിവുള്ളവരും കാ ര്യപ്രാപ്തരും കളങ്കമറവുള്ളവരുമാ ണെ കിൽ ഉദ്യോഗസ്ഥന്മാരുടെ കൊ ള്ളരുതായ്മയുടെ ഒടിവേരുകൾ ശീ ഘ്രത്തിൽ മുറിക്കുകയും ചെയ്യാമാ യിരുന്നു. എന്നാൽ തന്നെയല്ല ഓരോ ദിവസവും നടക്കുന്ന അനീതികൾ ക്കെതിരെ നിയമസഭയിൽ ശബ്ദം ഉണ്ടാകും; പത്രങ്ങളിൽ അവ പ്രസി ദ്ധീകരിക്കും; ഉദ്യോഗസ്ഥർഭരണ ത്തിന്റെ പരിതികൾ താനെ താഴ്ക യും ചെയ്യും. മന്ത്രിമാരും എം. എൽ. എ. മാരും അന്വേഷണങ്ങൾ നടത്തുന്നതിനും മറ്റുമായി ഉദ്യോഗസ്ഥന്മാർ, പരാതി പറയുമായിരുന്നു. ഞങ്ങൾ കരുതുന്നതുപോലെ വിശ്വസി ക്കുകയും ചെയ്യുന്നു. അതുകൊ ണ്ടാണു്, ഒരു പയ്യൻ വടയനിന പരിശോധന'യിൽ (ത്രി ക്കാക്കരപ്പണിയുമായി), പ്രസിഡണ്ടു ഭരണത്തിനു മുമ്പു° അത്രയധികമായി കൂട്ട ത്തോടെ ചിന്തിച്ചതു°. ഇപ്പോ ഴാ സ്ഥിതിക്കു മാറ്റമുണ്ടായിട്ടുണ്ടോ എന്നു° ഉദ്യോഗസ്ഥന്മാരുടെ വ്യക്തിപരമായ കാര്യങ്ങളെപ്പറ്റിയും അ ഴിമതികളെപ്പറ്റിയും ആഴ്ചകൾതോ റും എൽ. എ. മാർക്കു° ഏതൊരു കിലും ശബ്ദമുണ്ടാക്കുവാൻ കഴിയുമായി രുന്നു; മന്ത്രിമാർ കഴിവുള്ളവരും കാ ര്യപ്രാപ്തരും കളങ്കമറവുള്ളവരുമാ ണെ കിൽ ഉദ്യോഗസ്ഥന്മാരുടെ കൊ ള്ളരുതായ്മയുടെ ഒടിവേരുകൾ ശീ ഘ്രത്തിൽ മുറിക്കുകയും ചെയ്യാമാ യിരുന്നു. എന്നാൽ തന്നെയല്ല ഓരോ ദിവസവും നടക്കുന്ന അനീതികൾ ക്കെതിരെ നിയമസഭയിൽ ശബ്ദം ഉണ്ടാകും; പത്രങ്ങളിൽ അവ പ്രസി ദ്ധീകരിക്കും; ഉദ്യോഗസ്ഥർഭരണ ത്തിന്റെ പരിതികൾ താനെ താഴ്ക യും ചെയ്യും. മന്ത്രിമാരും എം. എൽ. എ. മാരും അന്വേഷണങ്ങൾ നടത്തുന്നതിനും മറ്റുമായി ഉദ്യോഗസ്ഥന്മാർ, പരാതി പറയുമായിരുന്നു. ഞങ്ങൾ കരുതുന്നതുപോലെ വിശ്വസി ക്കുകയും ചെയ്യുന്നു. അതുകൊ ണ്ടാണു്, ഒരു പയ്യൻ വടയനിന പരിശോധന'യിൽ (ത്രി ക്കാക്കരപ്പണിയുമായി), പ്രസിഡണ്ടു ഭരണത്തിനു മുമ്പു° അത്രയധികമായി കൂട്ട ത്തോടെ ചിന്തിച്ചതു°. ഇപ്പോ ഴാ സ്ഥിതിക്കു മാറ്റമുണ്ടായിട്ടുണ്ടോ എന്നു° ഉദ്യോഗസ്ഥന്മാരുടെ വ്യക്തിപരമായ കാര്യങ്ങളെപ്പറ്റിയും അ ഴിമതികളെപ്പറ്റിയും ആഴ്ചകൾതോ റും

കത്തോലിക്കരുടെ സംസ്കാരം

ഒരുലക്ഷം കൊല്ലത്തെ പാരമ്പര്യങ്ങളുടെ നേട്ടങ്ങളെന്ത്?

എം. ഒ ജോസഫ്, നെടുങ്ങാ

[പാറമ്പുഴ ബൈത്‌ലഹം പള്ളിയുടെ കനകജൂബിലി വേളയിൽ (1_5_1965) ചെയ്ത പ്രസംഗത്തിൽനിന്നു°].

നിങ്ങളുടെ മനോഹരമായ ഈ ദൈവാലയത്തിന്റെ കനകജൂബിലി മഹാമഹത്തോടനുബന്ധിച്ചുള്ള സാംസ്കാരിക സമ്മേളനത്തിൽ സംബന്ധിക്കാമെന്ന ഞാൻ സമ്മതിച്ചതു° ഒരു പ്രസംഗംകൊണ്ടു നിങ്ങളെ വിജ്ഞാനിക്കാമെന്ന കരുതിയല്ല; നേരേമറിച്ചു നിങ്ങളുടെ ജൂബിലി ആഘോഷങ്ങളും സാംസ്കാരികനവോത്ഥാനവും നേരിട്ടു കണ്ടു സ്വയം വിജ്ഞാനാകാമെന്നുള്ള ബോധ്യത്തോടുകൂടിയാണ°. പാറമ്പുഴ ബൈത്‌ലഹം പള്ളിയുടെ കനകജൂബിലി നിങ്ങൾ കൊണ്ടാടുകയാണ°. പക്ഷെ, എന്തിന്റെ ജൂബിലിയാണ° നിങ്ങൾ കൊണ്ടാടുന്നതു°? കല്ലും കുമ്മായവും കൊണ്ടു നിർമ്മിച്ച ഈ പള്ളിക്കെട്ടിടത്തിന്റെ അമ്പതാം വത്സരപൂർത്തിയാണോ, അതോ അമ്പതുകൊല്ലം മൻപു° ഇവിടെ ഏകതാബോധത്തോടുകൂടി ഉടയം കൊണ്ട പാരമ്പര്യ ഇടവകയെന്ന ക്രൈസ്തവ സമൂഹത്തിന്റെ അൻപതാം വത്സര പൂർത്തിയാണോ? രണ്ടിമത്തേതാണെന്നു ഞാൻ വിശ്വസിക്കുകയാണു°; അങ്ങനെയെങ്കിൽ ആഘോഷങ്ങളിലെ സവ്പ്രധാനമായ അംശം ഈ സാംസ്കാരികസമ്മേളനം തന്നെയാണു°. കഴിഞ്ഞ അൻപതുകൊല്ലത്തെ സംസ്കാരിക ജീവിതം എങ്ങനെയായിരുന്നുവെന്നും, ഇവിടെ എന്തൊരു സംസ്കാരമാണു നാം കെട്ടിപ്പടുത്തതെന്നും ചിന്തിക്കുവാൻ ഇതിനെക്കാൾ പറ്റിയ ഒരവസരമില്ല തന്നെ

ദൈവകല്പന

കനകജൂബിലി. ദൈവപ്രോക്തമായ ഒരു ആഘോഷരീതിയാണിതു°. ദൈവം തന്റെ തിരഞ്ഞെടുക്കപ്പെട്ട ജനമായ ഇസ്രായേലിനോടു° കാരോ അൻപതാംവത്സരവും ഒരു ജൂബിലിയായി ആഘോഷിക്കണമെന്നു കല്പിച്ചിരുന്നു. ജൂബിലി ആഘോഷിക്കണമെന്നു കല്പിക്കുക മാത്രമല്ല, അതു° എങ്ങനെയാണ° ആഘോഷിക്കേണ്ടതെന്നു വിശദീകരിച്ചു കൊടുക്കുകകൂടി ചെയ്തു. പഴയ നിയമത്തിലെ ലേവ്യരുടെ പുസ്തകം പതിനഞ്ചാമദ്ധ്യായം ഈ ജൂബിലി ആഘോഷത്തെപ്പറ്റിയാണ° പ്രതിപാദിക്കുന്നതു°. ജൂബിലി വത്സരത്തിൽ എല്ലാ കടങ്ങളും ഇളച്ചുകൊടുക്കണമെന്നും അന്യരുടേതായി കൈവശമുള്ള എല്ലാ വസ്തുക്കളും നിരുപാധികം ഒഴിഞ്ഞുകൊടുക്കണമെന്നുകൂടി എന്തെങ്കിലും വാങ്ങുകയോ വിൽക്കുകയോ ചെയ്യുമ്പോൾ അയൽക്കാരനെ ഉപദ്രവിക്കരുതെന്നും, സഹപ്രവർത്തകരെ ഉപദ്രവിക്കരുതെന്നും പ്രത്യേകം നിഷ്കർഷിച്ചിരുന്നതായി വേദപുസ്തകത്തിൽ നാം വായിക്കുന്നു.

വേദപുസ്തകത്തിലെ ഉപദേശങ്ങളും അനുദിന ജീവിതവും

നിങ്ങളും ഈ അൻപതാം വത്സര ജൂബിലി ഇവിടെ ആഘോഷിക്കുന്നതും ഇങ്ങനെയൊക്കെത്തന്നെയാണെന്നു ഞാൻ വിശ്വസിക്കുന്നു. ഉർഗ്രേരം സാധുക്കളുമായ നിങ്ങളുടെ അധമർണ്ണന്മാരോടു ദയാപൂർവ്വം വർത്തിച്ചുകൊണ്ടു° അയൽക്കാരനോടു സ്നേഹത്തോടെ പെരുമാറിക്കൊണ്ടും° ദൈവത്തിന്റെ കല്പനകളെ അനുസരിക്കണമെന്നും ദൈവം പ്രത്യേകം നിഷ്കർഷിച്ചിരുന്നതായി വേദപുസ്തകത്തിൽ നാം വായിക്കുന്നു.

ബ്രിട്ടനിൽ ഒരു "വാനരസേന"

ലണ്ടൻ ബ്രിട്ടനിലെ ഹോക്സ്ടൻ എന്ന പ്രദേശത്തു° കലാപകാരികളായ പെൺകുട്ടികളുടെ ഒരു സംഘം പ്രവർത്തിച്ചു വരുന്നതായി റിപ്പോർട്ടു° ചെയ്യപ്പെടുന്നു. ജനാലുകൾ തല്ലിതകർത്തു കൊള്ള നടത്തുകയും തോക്കുപയോഗപ്പെടുത്തുക വരെയുള്ള എല്ലാ അക്രമപ്രവർത്തനങ്ങളിലേർപ്പെട്ടവരായ ഈ കൂട്ടത്തിൽപെട്ട ഏതാനും പെൺകുട്ടികളെ തോക്കുകൊണ്ടു സഹിതം കഴിഞ്ഞ ആഴ്ച കോടതിയിൽ ഹാജരാക്കുകയുണ്ടായി. തന്റെ മുമ്പിൽ ഹാജരാക്കിയ തെളിവുകളും നേരിട്ടു ഹാജരായി തെളിവുകൊടുത്ത സാക്ഷികളുടെ മൊഴികളും പരിശോധിച്ചശേഷം ജഡ്ജി ഇങ്ങിനെ പ്രസ്താവിച്ചു. 'ഹോക്സ്ടനിലെ യുവതലമുറയുടെ വളർച്ച ഉൽക്കണ്ഠക്കിടയുണ്ടാക്കുന്നവിധം വിഷലിപ്തമായിരിക്കുന്നു.ഈ സ്ഥിതി വിശേഷത്തിനുള്ള ഉത്തരവാദിത്വം തീച്ചയായും ഒരു സാമൂഹ്യപ്രശ്നമാണ°. ഇതു° ഹോക്സ്റ്റനിലെ മാതാപിതാക്കളേയും അദ്ധ്യാപികകളേയും മതപുരോഹിതരേയും വേദനിപ്പിക്കുന്ന ഒരു ഘട്ടത്തിലേക്ക് നീക്കിയിരിക്കുന്നുവെന്നും ഞാൻ കരുതുന്നു'.

കോടതിയിൽ ഹാജരായി മൊഴികൊടുത്ത ഒരു സാക്ഷി പറഞ്ഞു. 'കഴിഞ്ഞ വർഷം എന്റെ വീടിന്റെ ജനല തകർത്തു എട്ടപ്പാവശ്യം കൊള്ള നടന്നു. ഞാൻ ഇതാരോടും പറയാൻ ഇതുവരെയും ധൈര്യപ്പെട്ടിട്ടില്ല. ഇങ്ങിനെ പറയുന്നതു° ഈ നടപടി ഇനിയും ആവർത്തിക്കുവാൻ കാരണമായി തീരുമെന്നു എനിക്ക° നന്നായിട്ടറിയാം.'

മറെ പല സാക്ഷികളും മൊഴി രേഖപ്പെടുത്താൻ കോടതിയിലെത്തിയെങ്കിലും അവരൊക്കെത്തന്നെ ഈ "വാനരസേനയെ" ഭയപ്പെടുന്നതായി കാണപ്പെട്ടു.

എന്നാൽ ഒരു എസ്റ്റേറ്റ് ജീവനക്കാരനായ സ്റ്റാൻഫുട്ട് ഇവരുടെ വികൃതികളെക്കുറിച്ച് വിശദമായി പ്രതിപാദിച്ചു. എസ്റ്റേറ്റിനു സമീപം ഇവർ ഒരു ചൂതാട്ടവിദ്യാലയം സ്ഥാപിച്ചിരുന്നുവെന്നും ഇതിന്റെ അടുത്തുസംഘടകർ പന്ത്രണ്ടിനും പതിനഞ്ചിനും മദ്ധ്യപ്രായംവരുന്നപെൺകുട്ടികളായിരുന്നുവെന്നും, അയാൾ വെളിപ്പെടുത്തി താൻ ഇതിനെക്കുറിച്ച് പരസ്യമായി പറയാതിരുന്നതു. ആരോടെങ്കിലും താൻ സംസാരിക്കുന്നതുകണ്ടാൽ ചൂതാട്ടവിദ്യാലയത്തിലെ അന്തേവാസികളായ പെൺകുട്ടികൾ സിഗാറാഷ്പുകച്ചുകൊണ്ടു° തന്റെ സിഗാറാഷ്പുകച്ചുകൊണ്ടു° തന്റെ നടന്നവരുകയും, മി. സ്റ്റാൻ എല്ലാം പറഞ്ഞുകൊള്ളുക എന്നു പറഞ്ഞുകൊണ്ടു° കടന്നുപോവുകയും ചെയ്യാറുണ്ടു°. സ്ഥിതിഗതികൾ ഒരു ഘട്ടത്തിലെത്തിയപ്പോൾ താൻ ഇതിനെക്കുറിച്ച് പരസ്യമായി പറയുവാൻ നിർബന്ധിതനായിത്തീർന്നതാണെന്നും അയാൾ വെളിപ്പെടുത്തി.

നൊറിയിലെ വിയർപ്പുപൂണ്ട ആഹാരത്തിനു സ്വാദു കൂടുമെന്നാണ° നാം ധരിച്ചുപോന്നിട്ടുള്ളതു°.

മുമ്പു° എങ്ങനെയായിരുന്നാലും ഈ ജൂബിലിവത്സരത്തിൽ നിങ്ങളുടെയിടയിൽ ആരും കള്ളത്തൂക്കവും കള്ളക്കച്ചിയും ഉപയോഗിക്കുന്നില്ലെന്നു° ഞാൻ പ്രത്യക്ഷിക്കുന്നു. നിങ്ങളിലാരും ഉല്പന്നങ്ങളിലും ഭക്ഷ്യവിഭവങ്ങളിലും മായംചേക്കുന്നില്ലെന്നും, അമിതലാഭേച്ഛക്കുവായി സാധനങ്ങൾക്കു° അന്യായവില ചുമത്തുന്നില്ലെന്നും ഞാൻ പ്രത്യക്ഷിക്കുന്നു. ജൂബിലിവത്സരത്തിലെ ക്രയവിക്രയങ്ങളിൽ അയൽക്കാരനെ ഉപദ്രവിക്കരുതെന്നു° ദൈവം പ്രത്യേകം കല്പിച്ചിട്ടുണ്ടല്ലോ. അതിനു° അൽപ്പം ക്ഷമാമുണ്ടെന്നു കേട്ടപ്പോൾ, റാൻ കാഫ് കച്ചിൽ പക്കിസ്ഥാൻ കുന്നോ രണ്ടോ വെടിവെച്ചെന്നു കേട്ടപ്പോൾ, നമ്മുടെ കമ്പോളങ്ങളിൽ അരിയുടെവില വാണംപോലെ കുതിച്ചുപൊന്തിയല്ലോ. ഈ വിവരം ലഭിക്കുന്നതിനുമുമ്പു° കുറഞ്ഞ വിലയ്ക്കു സംഭരിച്ചിരുന്ന അരിക്കാണ° നിമിഷംകൊണ്ടു° ഇങ്ങനെ വില പൊന്തിയതു°. കമ്പോളങ്ങളിലെ കച്ചവടക്കാരിൽ നല്ലൊരുഭാഗം കതോലിക്കരാണതാനും. അവർ എങ്ങനെ തങ്ങളുടെ മനസ്സാക്ഷിയെ നീതീകരിക്കുന്നുവെന്നതു° എന്നെ സംബന്ധിച്ചേടത്തോളം ഉർഗ്രഹമായ ഒരു പ്രശ്നമാണ്.

ഏതായാലും ഇവിടെ അതൊരു പ്രശ്നമല്ല. ഈ ജൂബിലിവത്സരത്തിൽ നിങ്ങളാരും ക്രയവിക്രയങ്ങളിൽ നിങ്ങളുടെയായലക്കാരെ ഒഴിപ്പിക്കുമെന്നു ഞാൻ കരുതുന്നില്ല. എന്നല്ല, ഈ ജൂബിലിവത്സരം കഴിഞ്ഞാലും ഇത്തരം അക്രൈസ്തവമായ നടപടികളിലേക്കു നിങ്ങളും വഴുതിപ്പോകുമെന്നു ഞാൻ കരുതുന്നില്ല. കാരണം നിങ്ങളും ഒരു ക്രൈസ്തവസമൂഹമാണെന്നു° നിങ്ങളും അഭിമാനിക്കുന്നു. മാത്രമല്ല, അതിനനുഭവപ്പെടാത്ത എല്ലാവരെയും ക്രിസ്ത്യാനികളാക്കേണ്ടതു° ആനയിക്കുന്നതിനുള്ള അവകാശവും മുതലയും 'നമുക്കുണ്ടു°. പക്ഷേ, അതിനുള്ള ധാമ്മികധൈര്യം നമുക്കുണ്ടോ? നാം ഒരു ഹിന്ദുവിനെ സമീപിച്ചു ക്രിസ്ത്യാനിയാകണമെന്നു അവനോടു പറയുമ്പോൾ, അവനു° അപ്പോഴുള്ളതിനേക്കാൾ ഉത്കൃഷ്ടമായ ഒരു പദവിയിലേക്കു° അവനെ ആഹ്വാനം ചെയ്യുകയാണെന്നു° അവനു ബോധ്യപ്പെടണമല്ലോ. എങ്കിൽ മാത്രമേ നമ്മുടെ ആഹ്വാനം ആദരണീയമായി അവനു തോന്നുകയുള്ളൂ. മറവഴിയിൽ പറഞ്ഞാൽ നമ്മുടെ സംസ്കാരം അവനേതരിനെക്കാൾ മെച്ചമായതായിരിക്കണം.

ബലിസമർപ്പണവും സഹോദരസ്നേഹവും

അതേ, അത്യൽകൃഷ്ടമായ ഒരു സംസ്കാരമാണ° ക്രിസ്തു നമുക്കു കാണിച്ചുതന്നിട്ടുള്ളതു°. സഹോദരനാൽ ചതിക്കപ്പെട്ട സഹോദരനായിരുന്നു° ക്രിസ്തു. സഹോദരനും തമ്മിലുള്ള മാത്സര്യത്തിന്റെയും പകയുടെയും നീണ്ടകഥയാണ° ലോകചരിത്രമെന്ന. അങ്ങനെയുള്ള ഒരു ലോകത്തിൽ വന്നിട്ടാണെ ശിസ്തു അരുളിച്ചെയ്തതു°: 'നിങ്ങളുടെ ശത്രുക്കളെ സ്നേഹിക്കുവിൻ. നിങ്ങളെ ശപിക്കുന്നവരെ അനുഗ്രഹിക്കുവിൻ, നിങ്ങളെ ദ്വേഷിക്കുന്നവർക്കു നന്മചെയ്യുവിൻ, നിങ്ങളെ ബലത്തിൽ കൊണ്ടുപോകയും പീഡിപ്പിക്കുകയും ചെയ്യുന്നവരുവേണ്ടി പ്രാർത്ഥിക്കുവിൻ' (മത്താ: v 44) ഈ ആശയംതന്നെ പല രൂപത്തിൽ അവിടുന്നു മാറിമാറി പറഞ്ഞുതന്നിട്ടുണ്ടു°. 'തന്റെ സഹോദരനോടു വ്യർത്ഥകോപിക്കുന്നവനെല്ലാം ന്യായവിധിക്കു അർഹനാകുന്നു. ഭോഷൻ എന്നു പറയുന്ന ഏവനും തീനരകത്തിനു° അർഹനാകുന്നു'. 'നിന്റെ വലത്തെ ഗണ്ഡത്തു°

കഴിഞ്ഞ ഏതാനും വർഷത്തിനിടയ്ക്കു° യൂറോപ്പിലേയും ഏഷ്യയിലേയും ആഫ്രിക്കയിലേയും അമേരിക്കയിലേയും പല രാജ്യങ്ങളിലും ഇന്ത്യൻ കരകൗശലവസ്തുക്കളുടെ അനേകം പ്രദർശനങ്ങളും സംഘടിപ്പിക്കപ്പെട്ടിട്ടുണ്ടു°. ലോകത്തെ സുപ്രധാന നഗരങ്ങളിൽ ഇവ സ്ഥിരമായി പ്രദർശിപ്പിക്കുന്നതിനു° ഷോറൂമുകളും ഏർപ്പെടുത്തിയിട്ടുമുണ്ടു°.

കയറുമതി വികസന കോപ്പറേഷൻ

ഇന്ത്യൻ കരകൗശല വികസന കോപ്പറേഷൻ ഏർപ്പെടുത്തിയതാണ° കരകൗശലവസ്തുക്കളുടെ കയറുമതി വർദ്ധിപ്പിക്കുന്നതിനു° എടുത്ത സുപ്രധാന നടപടികളിലൊന്നു°. ഇന്ത്യൻ കൈത്തറി_കരകൗശലവസ്തു കയറുമതി കോപ്പറേഷൻ എന്നാണ° ഇപ്പോൾ ഈ സംഘടനയുടെ പേരു°. കരകൗശലവസ്തുക്കൾ വിദേശങ്ങളിൽ വിപണി സർവ്വേകൾ നടത്തുകയും, പ്രദർശനങ്ങൾ സംഘടിപ്പിക്കുകയും, പ്രസിദ്ധീകരണ നടപടികൾ ഏർപ്പെടുത്തുകയും ചെയ്യുന്നതു° കൂടാതെ കരകൗശലവസ്തുക്കൾ കയറ്റി അയക്കുന്നവർക്കു° വായ്പാ സൌകര്യങ്ങൾ ലഭ്യമാക്കുകകൂടി ചെയ്യുന്നുണ്ടു°, ഇതു°. കരകൗശലവസ്തുക്കളുടെ നിലവാരം ഉറപ്പുവരുത്താനും കോപ്പറേഷൻ നടപടികളെടുക്കുന്നു.

പത്തിലൊരുഭാഗം കയറുമതി ചെയ്യുന്നു

നാട്ടിൽ ആകെ ഉല്പാദിപ്പിക്കുന്ന കരകൗശലവസ്തുക്കളുടെ പത്തിലൊരുഭാഗം ഇപ്പോൾ കയറുമതി ചെയ്യുവരുന്നുണ്ടു°. ഇങ്ങിനെ നോക്കുമ്പോൾ, ഈ വ്യവസായത്തെ നിലനിർത്തിക്കൊണ്ടുപോകുന്നതിൽ കയറുമതിക്കു° പ്രധാന പങ്കുണ്ടെന്നു കാണാം. കമ്പിളിക്കാണുള്ള പരവതാനികൾക്കും വിരിപ്പുകൾക്കും ആണു° ലോകവിപണികളിൽ ഏറ്റവുമധികം പ്രിയം. രത്നക്കല്ലുകൾ, കൈകൊണ്ടു° പ്രിന്റു ചെയ്ത തുണിത്തരങ്ങൾ, ദന്തവസ്തുക്കൾ, തടിയിലെ കൊത്തുപണികൾ, കലാപരമായ ലോഹപ്പാത്രങ്ങൾ ആഭരണങ്ങൾ, കസവുവേലകൾ, കൊമ്പുകൊണ്ടുള്ള വസ്തുക്കൾ, ഷാളുകൾ എന്നിവയാണ° വിദേശങ്ങളിൽ ധാരാളം ആവശ്യക്കാരുള്ള മറെ ചില കരകൗശലവസ്തുക്കൾ.

.....

അടിക്കുന്നവനു മറെറ ഗണ്ഡവുംകൂടി തിരിച്ചു കാണിച്ചുകൊടുക്കുക.'

ഒരു പടിപടിയായി കുന്നു° അവിടുന്നു പറയുകയാണു°: "നാം ബലിപീഠത്തിന്റെ മുൻപിൽ വഴിപാടു° കൊണ്ടുവരികയും നിന്റെ സഹോദരൻ നിന്നോടു° വിരോധം വെച്ചുകൊണ്ടിരിക്കുന്നതായി അവിടെവെച്ചു° നീ ഓർക്കുകയും ചെയ്താൽ, നിന്റെ വഴിപാടു° അവിടെ ബലിപീഠത്തിന്മുൻപിൽ വെച്ചുകൊണ്ടു നീ പൊയ്ക്കൊള്ളുക. നിന്റെ മനോമാലിന്യം സഹോദരനോടു° സമാധാനപ്പെടുക. പിന്നെ വന്നു നിന്റെ വഴിപാടു° സമർപ്പിക്കുക (മത്താ: v 23_24). ദൈവത്തിനു° ആരാധന സമർപ്പിക്കുകയെന്നതു° മനുഷ്യനെ പരമപ്രധാനമായ മുതലയാണു. പക്ഷെ അതുപോലും സഹോദരനോടു° രമ്യപ്പെടുന്നതിനുശേഷം മതിയെന്നാണ° ദിവ്യനഥൻ ആജ്ഞാപിച്ചിരിക്കുന്നതു°. മറെറ വിധത്തിൽ പറഞ്ഞാൽ സഹോദരനോടു° രമ്യപ്പെടാതെയുള്ള ബലിസമർപ്പണം ദൈവത്തിനു° സ്വീകാര്യമായിരിക്കുകയില്ല.

ആദിമക്രിസ്ത്യാനികൾ

അതാണ° ക്രൈസ്തവസംസ്കാരം. ആദിമക്രിസ്ത്യാനികളെപ്പററി അക്രൈസ്തവർ പറഞ്ഞിരുന്നതെന്താണെന്നോ! 'കണ്ടോളൂ, ഇവർ എങ്ങനെ തമ്മിൽതമ്മിൽ സ്നേഹിക്കുന്നു?' ആദിമശതകങ്ങളിൽ ക്രിസ്ത്യാനികളെ മറെറല്ലവരിൽനിന്നു തിരിച്ചറിഞ്ഞിരുന്നതങ്ങനെയായിരുന്നു°. വിശുദ്ധ ലൂക്കാ എഴുതുന്നു: 'അവരിൽ ആരും തൻ സമ്പാദിച്ചിരുന്ന സമ്പാദ്യങ്ങളെപ്പററി അവകാശത്തോടെ ഒന്നും പറഞ്ഞിരുന്നില്ല. മറിച്ചു° അവക്കെല്ലാം പൊതുവിലുള്ളതായിരുന്നു. അവരിൽ മുട്ടുപാടുള്ളവനായി ഒരുത്തനും ഉണ്ടായിരുന്നില്ല. എന്തുകൊണ്ടെന്നാൽ പാടുകളും വീടുകളും ഉണ്ടായിരുന്നവർ അവ വിറ്റു°, വിറ്റതിന്റെ വില കൊണ്ടുവന്നു ശ്ലീഹന്മാരുടെ പാദങ്ങളുടെ അടുക്കൽ വെക്കുകയും, അതു° ആരോരുത്തനും അവനു° ആവശ്യമായിരുന്നതുപോലെ കൊടുക്കപ്പെടുകയും ചെയ്തിരുന്നു.' (നടപടി III, 34_36) അവരിൽ മുട്ടുപാടുള്ളവനായി ഒരുവനും ഉണ്ടായിരുന്നില്ല. നിങ്ങളുടെയിടയിലും മുട്ടുപാടുള്ളവരായി ഒരുവനും ഇല്ലെന്നു ഞാൻ വിശ്വസിക്കുകയാണ°. കാരണം നാം ക്രിസ്തുവിന്റെ അനുയായികളാണ° എന്നതിൽ അഭിമാനം കൊള്ളുന്നവരാണല്ലോ.

നാംക്രിസ്ത്യാനികളാണെന്ന മാത്രമല്ല, മറെറല്ലവരെ ക്രിസ്ത്യാനികളാക്കുവാൻ വെമ്പൽകൊള്ളുകയും ചെയ്യുന്നു. ഇതു° അൽപമായ പ്രേഷിതത്വത്തിന്റെ കാലമാണ°. മതപ്രചാരണം ഒരു മഹലികാവകാശമാണെന്നു° ഇന്ത്യൻ ഭരണഘടന സമ്മതിക്കുകയും ചെയ്യുന്നു. ആകയാൽ ക്രിസ്ത്യാനികളല്ലാത്ത എല്ലാവരെയും ക്രിസ്ത്യാനികളാക്കുന്നതിലേക്കു° ആനയിക്കുന്നതിനുള്ള അവകാശവും മുതലയും 'നമുക്കുണ്ടു°. പക്ഷേ, അതിനുള്ള ധാമ്മികധൈര്യം നമുക്കുണ്ടോ? നാം ഒരു ഹിന്ദുവിനെ സമീപിച്ചു ക്രിസ്ത്യാനിയാകണമെന്നു അവനോടു പറയുമ്പോൾ, അവനു° അപ്പോഴുള്ളതിനേക്കാൾ ഉത്കൃഷ്ടമായ ഒരു പദവിയിലേക്കു° അവനെ ആഹ്വാനം ചെയ്യുകയാണെന്നു° അവനു ബോധ്യപ്പെടണമല്ലോ. എങ്കിൽ മാത്രമേ നമ്മുടെ ആഹ്വാനം ആദരണീയമായി അവനു തോന്നുകയുള്ളൂ. മറവഴിയിൽ പറഞ്ഞാൽ നമ്മുടെ സംസ്കാരം അവനേതരിനെക്കാൾ മെച്ചമായതായിരിക്കണം.

സ്നേഹമാണഖിലസാരം

ക്രൈസ്തവ സംസ്കാരത്തിന്റെ സാരസർവ്വസ്വം സ്നേഹമാകുന്നു. ശത്രുവിനോടുപോലുമുള്ള സ്നേഹം. ഈ സ്നേഹത്തിന്റെ കര്യത്തിൽ ക്രിസ്തുവിനേർ നിലപാടു° ഏറ്റവും ഉറച്ചതാകുന്നു. 'നിങ്ങളെ സ്നേഹിക്കുന്നവരെ നിങ്ങളും സ്നേഹിച്ചാൽ നിങ്ങൾക്ക് എന്തു പ്രതിഫലമുണ്ടുതു°? ഇതാ ചുങ്കക്കാരും അതു തന്നെ ചെയ്യുന്നില്ലേ? നിങ്ങളുടെ സഹോദരന്മാരോടുമാത്രം സ്നേഹം പറയുന്നെങ്കിൽ നിങ്ങളും വിശേഷാൽ ചെയ്യുന്നതെന്തു°? ഇതാ ചുങ്കക്കാരും ഇതുതന്നെ ചെയ്യുന്നില്ലേ?" എന്നാണു° അവിടുന്നു ചോദിക്കുന്നതു°. "നിങ്ങളുടെ നീതി നിയമജ്ഞരുടേയും പ്രീശന്മാരുടെതിനെയുംകാൾ അധികമായിരിക്കയില്ലെങ്കിൽ നിങ്ങൾ സ്വർഗ്ഗ

ജലനികുതിനല്കുന്ന കൈവശ ഭൂമികൾ സർക്കാർ കയ്യേറുന്നു

കാടുണ്ടാക്കാൻ സർക്കാരിന്റെ ഒരു കാടൻ നിയമം

(സ്വന്തം ലേഖകൻ) *തൃശൂർ, മെയ്. 12*

കാളക്കുന്ന്, മുരിക്കുംകുന്ന്, മുള്ളൻ പാൽ, പുത്തൻകാട്, ആശാരിക്കാട്, നടത്തറ, ഓട്ടുപാറ, നാല്കെട്ട്, പീച്ചി: കണ്ണാറ തുടങ്ങി തൃശൂർ ജില്ലയിലെ മലയോര പ്രദേശങ്ങളിൽ പീച്ചികനാൽ ജലം കൊണ്ട് മൂന്നു പുവൽ കൃഷി ചെയ്യുന്ന കൃഷി നിലങ്ങളും പ്പെടെ ധാരാളം കൃഷിക്കാരുടെ കൈവശഭൂമികൾ സർക്കാർ വനമായി അളന്ന് ജന്മിയിട്ടുകൊണ്ടിരിക്കുന്നതായി റിപ്പോർട്ടുചെയ്യപ്പെടുന്നു.

കാടുകളുടേയും കനാലുകളുടേയും തീരത്തുള്ള ഈ ഭൂമികൾ നിരവധി കൊല്ലങ്ങളായി കൃഷിക്കാർ കൈവശം വെച്ച് കൃഷി ചെയ്തുപോരുന്നതാണ്. നെൽകൃഷി സ്ഥലങ്ങളാണെങ്കിൽ അവയിൽ മൂന്നു പുവൽ കൃഷിയിറക്കുന്നുണ്ട്. പീച്ചി കനാലിൽനിന്നും ഈ കൃഷി ഭൂമികളിലേയ്ക്ക് വെള്ളം നല്കുകയും ഈ സ്ഥലത്തിനു കൈവശക്കാർ ജലനികുതി കൊടുത്തുപോരുകയും ചെയ്യുന്നതാണ്. കൈവശഭൂമിക്കുപ്പുറത്തു കിടക്കുന്ന ഫോറസ്റ്റ് ഭൂമികൾക്ക് വളരെക്കാലം മുമ്പുതന്നെ സർക്കാർ ജന്മയിട്ടിട്ടുള്ളതാണ്. ആ വസ്തുതകൾ തുടിപ്പിച്ചിരിക്കുന്നത് കൈവശഭൂമികൾക്കുള്ള പുതിയ ജന്മയിടൽ ആരംഭിച്ചിട്ടുള്ളതുമുതൽ പുതിയ ജന്മയിടൽ (അതിതീവ്രിരിക്കൽ) മൂലം പലരുടേയും നിരവധി കൈവശഭൂമി കാടായി മാറുന്നതാണ്. പലരുടേയും വീട്ടുമുറ്റത്തുകൂടെയാണ് ഈ ജന്മയിടൽ നടത്തിയിരിക്കുന്നതെന്നത് ഖേദകരമാണ്.

കേന്ദ്രഗവണ്മെന്റിന്റെ ആഭിമുഖ്യത്തിൽ അളന്ന് തിട്ടപ്പെടുത്തി കല്ലുകൊണ്ട് കയ്യാലകൊണ്ട കെട്ടിയ ഭൂമികളും ഈ സർക്കാർ കയ്യേറ്റത്തിൽ ഉൾപ്പെട്ടിരുന്നു. ആ കയ്യാലകൊണ്ട് ചിലവായ പണം ആദ്യം സർക്കാരുടെക്കണമെങ്കിലും ഗവ്വുകളായി കൃഷിക്കാർ സർക്കാരിലടയ്ക്കുന്നുണ്ടായിരുന്നു. അങ്ങിനെ കൃഷിക്കാർ പണം തിരിച്ചടയ്ക്കുമെന്ന ഉത്തരവാദിത്വത്തോടെ തങ്ങളുടെ ഭൂമികളിൽ സർക്കാർ കയ്യാലകം തീർത്തു. ആ സ്ഥലം മുഴുവൻ തന്നാനന്തരം കൃഷിഭൂമികളാക്കി മാറാൻ എത്രനാം മാസം കഴിഞ്ഞയുടനെയാണ് ആ പ്രദേശം സർക്കാരിന്റെ മറ്റൊരു വകുപ്പുകാർ വന്ന് വനമായി അളന്ന തിട്ടപ്പെടുത്തിപ്പോകുന്നതെന്നതു് ഒരു വിരോധാഭാസമാണ്. സർക്കാരിന്റെ ഒരുവകുപ്പുകാർ കന്നിടിച്ച നിരപ്പാക്കി കൃഷിഭൂമികളുണ്ടാക്കാൻ സഹായിക്കുകയും മറ്റൊരു വകുപ്പുകാർ നിരപ്പാക്കിയ സ്ഥലങ്ങൾ കാടായി അളന്നു തിട്ടപ്പെടുത്തുകയും ചെയ്യുന്ന ഈ പ്രവൃത്തിക്ക് ജനങ്ങൾ എന്താണ് പേരിടേണ്ടത്? ഇനി പുതിയജന്മയിടൽ മൂലം ഫോറസ്റ്റിലായ്ക്കു് കൂട്ടിച്ചേർക്കുന്ന ഈ ഭൂമികളിലെ കയ്യാലകം പണിതതിന്റെ പണം ആർ തിരിച്ചടയ്ക്കും? ആരും തിരിച്ചടയ്ക്കേണ്ട എന്നാണ് സർക്കാരിന്റെ ഭാവമെങ്കിൽ അനാവശ്യമായ കയ്യാലനിർമ്മിതികൊണ്ടുണ്ടായ നഷ്ടത്തിന് ആർ ഉത്തരവാദിയാകും? ഈ ചോദ്യങ്ങൾക്കെല്ലാം സർക്കാർ ഉദ്യോഗസ്ഥന്മാർ ഉത്തരംപറയേണ്ടതുണ്ട്.

ഒരു സ്പെഷൽ കലക്ടറുടെ നേതൃത്വത്തിലാണെത്രെ സർക്കാരിന്റെ ഈ പുതിയ കയ്യേറ്റം നടക്കുന്നത്. പുതുമഴയ്ക്കുശേഷം മലയോരങ്ങളിൽ മുഴുവൻ കൃഷിയിറക്കിയിരിക്കുകയാണ്. അവയെല്ലാം നാശമാക്കിക്കൊണ്ടാണ് ഈജന്മയിടൽ കയ്യേറ്റം നടത്തുന്നതും. ഈ ദ്രോഹിയ അടിയന്തിരഘട്ടത്തിൽ സമരങ്ങളെല്ലാം കഴിവക്കുന്നതെന്ന പറയുന്ന സർക്കാർ, സമരം മൂലയെടുക്കുന്ന പശ്ചാത്തലം സൃഷ്ടിക്കുന്നതാണ് നീതിയാണോ എന്നൊന്നു ആലോചിച്ചുനോക്കുന്നതാണ് ഇന്നത്തെ നിലയ്ക്കു നന്നായിരിക്കും.

—

ഇരുമ്പ് എഞ്ചിനീയർ

ന്യൂഡൽഹി മേയ് 13

എഞ്ചിനീയർമാരുടെ പ്രവർത്തനങ്ങളെ സഹായിക്കുന്നതിന് വേണ്ടിയുള്ള ഒരു ഇലൊയിക്കംപ്യൂട്ടർ 'പ്രോമിൻ' എന്ന പേരിൽ റഷ്യയിലെ ഒരു ഇൻസ്റ്റിട്ട്യൂട്ടിൽ കണ്ടുപിടിച്ചിരിക്കുന്നു. ഒരു എഴുത്തുമേശയുടെ അടിയിൽ കംപ്യൂട്ടറിന്റെ എല്ലാ ഭാഗങ്ങളും ഘടിപ്പിച്ചു് അതിന്റെ കീബോഡ്ഡ് മേശപ്പുറത്തു ഘടിപ്പിക്കത്തക്ക വിധത്തിലാണ് നിർമ്മിച്ചിരിക്കുന്നതു്. ഒരോ സ്കൂൾ പദനങ്ങളുടെ മോഡലുകളും വിവിധ സാഹചര്യങ്ങളിൽ അവയുടെ പ്രവർത്തനത്തിന്റെ അനുകരണം തുടങ്ങിയ പല പ്രശ്നങ്ങളും ഇതുകൊണ്ട് കൈകാര്യം ചെയ്യാൻ സാധിക്കുന്നതാണ്. ഡിസൈനിൽ സംഖ്യാസമ്പ്രദായമാണ് ഈ കംപ്യൂട്ടറിൽ ഉപയോഗിച്ചിരിക്കുന്നതു്.

ഈ കംപ്യൂട്ടറിനു് മിനിട്ടിൽ 1000 കണക്കുകൂട്ടലുകൾവരെ ചെയ്യാൻ സാധിക്കും കണക്കുകൂട്ടലിന്റെ ഫലം അറിയുന്നതിന് ഒരു റജിസ്റ്റർ, ഇതിനോടനുബന്ധിച്ചുണ്ട് ഒരു ടൈപ്പ് റൈറ്റർ ഘടിപ്പിച്ചാൽ ഫലങ്ങളും കടലാസിൽ സ്വയം ടൈപ്പ ചെയ്യുകൊള്ളും.

[കേരള പ്രസ്സ്]

മെയ് 16 വിലവർദ്ധനവിരുദ്ധദിനമായി ആചരിക്കുക

സ്റ്റേറ്റ് സെക്രട്ടേറിയറ്റ് പുറപ്പെടുവിക്കുന്ന പ്രസ്താവന

തിരുവനന്തപുരം മെ. 12

കമ്മ്യൂ: [വലത്] പാർട്ടി കേരളാസ്റ്റേറ്റ് കമ്മറ്റി സെക്രട്ടേറിയറ്റ് പുറപ്പെടുവിച്ചിരിക്കുന്ന ഒരു പ്രസ്താവനയിൽ ഇങ്ങനെ പറയുന്നു:

തൃശൂർവച്ച് ഇക്കഴിഞ്ഞ ഏപ്രിൽ 29-ാംനു കൂടിയ സ്റ്റേറ്റുകമ്മറ്റി യോഗം, ഈ വരുന്ന മെയ് 16 സ്റ്റേറ്റ് കൗൺസിൽ വിലവർദ്ധന വിരുദ്ധദിനമായി ആചരിക്കണമെന്ന് നിശ്ചയിച്ചിരിക്കുകയാണല്ലോ.

അതുകൊണ്ട്, അരിയുടെയുംമറ്റു നിത്യോപയോഗസാധനങ്ങളുടെയും വിലകുത്തനെ കയറുന്നതിന് അടിയന്തിരമായി കുറവുണ്ടാക്കുന്നതിനും ഇപ്പോഴുള്ള വിലക്കയറ്റം തടയുന്നതിനും ആവശ്യമായ സത്വരനടപടികൾ ഗവണ്മെന്റ് സ്വീകരിക്കുവാൻ സമ്മർദ്ദം ചെലുത്താനായി അന്നേദിവസം പാർട്ടിയുടെ ആഭിമുഖ്യത്തിൽ എല്ലാ ജില്ലാ-താലൂക്ക്-മണ്ഡലാടിസ്ഥാനത്തിൽ പൊതുയോഗങ്ങൾ കൂടുകയും, അതുപോലെ കൂടുതൽ ആംഗ്ലോ ഇന്ത്യൻ അസോസിയേഷൻ വൈസ്പ്രസിഡന്റ് വിൻസന്റ് ഫെർണാണ്ടസിന്റെ അദ്ധ്യക്ഷതയിൽ കൂടുകയും അസോസിയേഷനിലെ ഭാവി പ്രവർത്തനങ്ങൾക്കായി. ബി. എ. ഡിസോസ (പ്രസിഡന്റ്), എൽ. ജെ. പെരേര (സിക്രട്ടറി), ബേസിൽകബ്രാൾ (ട്രഷറർ) എന്നിവരടങ്ങുന്ന ഒരു കമ്മറിയെ തെരഞ്ഞെടുക്കുകയും ചെയ്തിരിക്കുന്നു.

(സ.പ ലേ)

ആംഗ്ലോ ഇന്ത്യൻ അസോസിയേഷൻ വാർഷികം

നസ്രത്ത് ആംഗ്ലോ ഇന്ത്യൻ അസോസിയേഷന്റെ രണ്ടാം വാർഷികപൊതുയോഗം 9-5-65 ഞായറാഴ്ച രാവിലെ 10 മണിക്ക് സ്ഥലം സെന്റ് ജോസഫ്സ് സ്കൂൾ ഓഡിറ്റോറിയത്തിൽവച്ച് അഖിലകേരള ആംഗ്ലോ ഇന്ത്യൻ അസോസിയേഷൻ വൈസ് പ്രസിഡന്റ് വിൻസന്റ് ഫെർണാണ്ടസിന്റെ അദ്ധ്യക്ഷതയിൽ കൂടുകയും അസോസിയേഷനിലെ ഭാവി പ്രവർത്തനങ്ങൾക്കായി. ബി. എ. ഡിസോസ (പ്രസിഡന്റ്), എൽ. ജെ. പെരേര (സിക്രട്ടറി), ബേസിൽകബ്രാൾ (ട്രഷറർ) എന്നിവരടങ്ങുന്ന ഒരു കമ്മറിയെ തെരഞ്ഞെടുക്കുകയും ചെയ്തിരിക്കുന്നു.

(സ.പ ലേ)

തലസ്ഥാനത്തുനിന്ന്

[സ. ലേ] മെയ്, 13

തിരുവനന്തപുരം ഗവർമ്മെന്റ് സെക്രട്ടേറിയറ്റിലെ അസോസിയേഷൻ ആഭിമുഖ്യത്തിൽ മേയ് 14-ന് രാത്രി 7 മണിക്ക് അസ്സോസിയേഷൻ ഹാളിൽച്ചേരുന്ന യോഗത്തിൽ ശ്രീ. സൈമ്പ് അഡ്വക്കേറ്റ് ജനറൽ പ്രസംഗിക്കുന്നതാണ്.

ജയ്ഹിന്ദ് തിയേറേറഴ്സ്

തൃക്കണ്ണാപുരം ജയ്ഹിന്ദ് സ്പോർട്സ് ആൻഡ് ആർട്ട്സ് ക്ലബ്ബിന്റെ ജനറൽ ബോഡിയോഗം സംഘടനയുടെ പേരു് 'ജയ്ഹിന്ദ് തിയേറേഴ്സ്' എന്ന് മാറ്റാൻ തീരുമാനിച്ചിരിക്കുന്നു.

അഖിലകേരള ഗ്രന്ഥശാലാ സമ്മേളനം

ഈ മാസം 16, 17, 18 എന്നീ തീയതികളിൽ ആലുവായിൽവച്ചു നടക്കുന്ന അഖിലകേരള ഗ്രന്ഥശാലാ സമ്മേളനത്തിൽ എല്ലാ ഗ്രന്ഥശാലകളും പ്രതിനിധികളെ അയക്കുകയും ഓരോ ഗ്രന്ഥശാലയും രണ്ടു രൂപാ വീതം പ്രതിനിധി ഫീസ് നൽകുകയും ചെയ്യണമെന്ന് തിരുവനന്തപുരം ഗ്രന്ഥശാലാ യൂണിയൻ സെക്രട്ടറി അറിച്ചിരിക്കുന്നു.

ശ്രീസ്വാതിതിരുനാൾ ജന്മദിനാഘോഷം

ശ്രീസ്വാതിതിരുനാൾ മഹാരാജാവിന്റെ 152-മത് ജന്മദിനം ശ്രീസ്വാതിതിരുനാൾ സംഗീതസഭയുടെ ആഭിമുഖ്യത്തിൽ മേയ് 14-ന് മുതൽ മൂന്നു ദിവസത്തെ പരിപാടികളോടുകൂടി ആഘോഷിക്കുന്നതാണ്.

14-ന് വൈകുന്നേരം 6 മണിക്ക് വി. ജെ. റ്റി. ഹാളിൽ കൂടുന്ന യോഗത്തിൽവച്ച ആഘോഷപരിപാടികം കേരള സർവ്വകലാശാലാ ഫാക്കൽറ്റി ഓഫ് ആർട്ട്സ് ഡീൻ പ്രൊഫസർ ആർ. ശ്രീനിവാസൻ ഉൽഘാടനം ചെയ്യും. യോഗത്തിൽ പ്രൊഫസർ ബാലകൃഷ്ണപിള്ള പ്രസംഗിക്കുന്നതാണ്. യോഗാനന്തരം നടത്തുന്ന സംഗീതക്കച്ചേരിയിൽ ശ്രീ. ചേലയ്യാ കൃഷ്ണമൂർത്തി [വോക്കൽ] ശ്രീ. ചേലക്കരി നാരായണസ്വാമി [വയലിൻ] ശ്രീ. മാവേലിക്കര വേലുക്കുട്ടി [മൃദംഗം] എന്നിവർ പങ്കെടുക്കും 15-ന് വൈകുന്നേരം 6 മണിക്കും 16-ന് വൈകുന്നേരം 5-30 നും നടത്തുന്ന സംഗീതകച്ചേരികളിൽ യഥാക്രമം ശ്രീ. റ്റി. ആർ. സുബ്രഹ്മണ്യം [വോക്കൽ], ശ്രീ. ചാലക്കുടി നാരായണസ്വാമി [വയലിൻ] ശ്രീ. എസ്. വി. എസ്. നാരായണൻ [മൃദംഗം] എന്നിവരും ശ്രീ ചെമ്മാങ്കുടി ശ്രീനിവാസയ്യർ [വോക്കൽ], ശ്രീ. ടി. എൻ. കൃഷ്ണൻ [വയലിൻ], ശ്രീ. പാലക്കാട്ട് ജി. എസ്. മണിഅയ്യർ [മൃദംഗം] എന്നിവരും പങ്കെടുക്കുന്നതാണ്.

അടർ മാസി

മേയ് 30 രാത്രിയിൽ ബോംബെയിൽ വച്ച് നടക്കുന്ന ചലച്ചിത്രങ്ങളുടെ പ്രസിഡണ്ടിന്റെ അവാർഡ്ദാന ചടങ്ങിൽ പങ്കെടുക്കുന്നതിനു് "ആയുകിം ണഹം" എന്ന പിന്തിലെ പ്രധാന നായിക നിവ്യൂ അടർ മാസിക്ക് ക്ഷണം ലഭിച്ചിരിക്കുന്നു. അദ്ദേഹം സമയനഷ്ടമുണ്ടാകുന്നതിനാൽ പോകുകൊള്ളാൻ മേയ് 30-തീയതി ബോംബെയിലേയ്ക്ക് പോകുന്നതാണ്. രണ്ടാം പ്രാവശ്യമാണ് മാസി അവാർഡ് സ്വീകരിക്കുന്നത്. മുടിയനായ പുത്രനിലെ അഭിനയത്തിലൂടെ അദ്ദേഹം കന്നാം അവാർഡ് നേടി, മദിരാശിയിലെ ഫിലിം ഫാൻസിന്റെ 1963-ലേയും 64-ലേയും മികച്ച നടനുള്ള അവാർഡുകളും മാസിക്കാണ് ലഭിച്ചത്.

തൃശൂർ മെഡിക്കൽ കോളെജ് കാര്യം

സർക്കാരിൽ സമ്മർദ്ദം ചെലുത്താൻ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളോടും മറ്റും അഭ്യർത്ഥന

തൃശൂർ, മേ. 12

തൃശൂർ മെഡിക്കൽ കോളേജ് കമ്മറിയുടെ ഒരു അടിയന്തരയോഗം ചൊവ്വാഴ്ച കോളേജ് ലാസർ ജോസഫിന്റെ അധ്യക്ഷതയിൽചേരുകയും കേന്ദ്രപരിഗണനയിലുള്ള 30 മെഡിക്കൽ കോളേജുകളിൽ ഒരെണ്ണം തൃശൂരിൽ സ്ഥാപിക്കണമെന്ന് ഗവണ്മെന്റിനോട് യോഗം അഭ്യർത്ഥിക്കുകയും ചെയ്തിരിക്കുന്നു. തൽക്കാര്യസാദ്ധ്യത്തിനായി കേന്ദ്ര-സംസ്ഥാനഗവർമ്മെണ്ടുകളിൽ സമ്മർദ്ദം ചെലുത്തുവാൻ പ്രമേയങ്ങളും മുഖ്യന്തിരവും മാറും വിവിധ പഞ്ചായത്തുകളോടും ജനനേക്കന്മാരോടും ഡിസ്ട്രിക്ട് ഡെവലപ്പ്മെന്റ് കൌൺസിലിനോടും യോഗം അഭ്യർത്ഥിച്ചു. ഗവണ്മെന്റ് വക കോളെജിനേയ് സാദ്ധ്യതയില്ലെങ്കിൽ സ്വകാര്യവിഭാഗത്തിൽ ഒരു കോളേജ് നടത്തുന്നതിനായി തൃശൂർ മെഡിക്കൽ കോളേജ് കമ്മറിയെ തയ്യാറാണെന്നും അതിനുള്ള ധനപരമായ കഴിവ് തങ്ങൾക്കും സംഭരിച്ചിട്ടുണ്ടെന്നും കേരള യൂണിവേഴ്സിറ്റിയെ തങ്ങളോടു് സഹകരിക്കണമെന്നും കമ്മറി അഭ്യർത്ഥിച്ചു.

ബാലസംഘം

തളിപ്പറമ്പ് മെ. 12

നെഹറു സ്മാരക ബാലസംഘം എന്ന പേരിൽ ഒരു സംഘം വെള്ളോറ പ്രദേശത്തു രൂപീകരിക്കുകയും ഇതിന്റെ ഭാരവാഹികളായി ക്കൊണ്ട് ശ്രീ.കെ.പി.ശ്രീധരൻവി. വി. നാരായണൻ എന്നിവരെ പ്രസിഡണ്ടും സിക്രട്ടറിയായും തെരഞ്ഞെടുക്കുകയും ചെയ്ത 30 അംഗങ്ങളും ഉൾപ്പെടുന്ന ഒരു കമ്മറിയേയും തിരഞ്ഞെടുത്തിട്ടുണ്ട്.

ഇട്ടക്കി പദ്ധതിയുടെ പണി സാവധാനമതി

കേന്ദ്ര ധനകാര്യാലയത്തിലെ അഭിപ്രായഗതി

കുറ്റ്യാടി പദ്ധതി മുഴുമിപ്പിക്കാൻ ഇട്ടക്കിയുടെ മൂലധനമുപയോഗപ്പെടുത്തും

ന്യൂഡൽഹി, മേ. 12

ഇട്ടക്കി പദ്ധതി വേഗം നടപ്പാക്കുന്നതിൽ ധനകാര്യാലയത്തിനുള്ള എതിർപ്പിനെസംബന്ധിച്ച് കൂടുതൽ വിവരങ്ങൾ അറിവായിരിക്കുന്നു.

ധനകാര്യമന്ത്രിയുടെ മുറിയിൽ ചേർന്ന ഒരു യോഗത്തിൽ ഈ പദ്ധതി പ്രാരംഭഘട്ടത്തിലാണെന്നും പദ്ധതിസ്ഥലത്തേയ്ക്കുള്ള റോഡുകളും കുടിവെള്ളവും മാത്രമേ നിർമ്മിച്ചിട്ടുള്ളുവെന്നും 1970-71 വരെയ്ക്കുള്ള വിഭവോല്പാദനത്തിന്റെ ആവശ്യം നിറവേറ്റാൻ ഇതിന്റെ പൂർത്തീകരണം അത്യാവശ്യമല്ലെന്നുമുള്ള അഭിപ്രായങ്ങളും ഉന്നയിക്കപ്പെടുകയുണ്ടായി.

കനേഡിയൻ അധികൃതർ സൂചിപ്പിച്ചിട്ടുള്ള വിദേശസഹായത്തെ ഇതു് പ്രതികൂലമായി ബാധിക്കില്ലെന്നും സാമ്പത്തികകാര്യവകുപ്പിൽനിന്നു് വ്യക്തമായി അറിയാൻ കഴിഞ്ഞു.

മുൻപറഞ്ഞ യോഗത്തിൽ ഉന്നയിക്കപ്പെട്ട മറ്റുചില അഭിപ്രായങ്ങളും ഇവയാണു്.

ഈ പദ്ധതിയിൽ കഴിച്ചുകൂട്ടാത്ത ഏറ്റവും ചുരുങ്ങിയ ചെലവുകൊണ്ടുമാത്രമേ ഇപ്പോൾ ചെയ്യേണ്ടതുള്ളൂ. പ്രയോജനകരമല്ലാത്ത ചെലവിനു് വഴിവയ്ക്കാതെ ഇതിന്റെ നിർമ്മാണം പരമാവധി സാവധാനമാക്കണം. ഈ പദ്ധതിക്ക് ഇതിനകം അനുവദിച്ചിട്ടുള്ള ഒരു കോടി രൂപയിൽനിന്നുണ്ടാകുന്ന മിച്ചം കുറ്റ്യാടി പദ്ധതിക്ക് കൂടുതലായുള്ള ആവശ്യങ്ങൾ നിർവ്വഹിക്കാൻ ഉപയോഗിക്കാം അവസാന ഘട്ടത്തിലെത്തിയിരിക്കുന്ന കുറ്റ്യാടിപദ്ധതി കഴിയുന്നതു വേഗം പൂർത്തിയാക്കേണ്ടതുമുണ്ട്.

കുറ്റ്യാടി പദ്ധതി യഥാസമയം പൂർത്തിയാക്കാൻ കൂടുതൽ പണം ആവശ്യമുണ്ടെങ്കിൽ, 1965-66-ൽ നീക്കിവച്ചിട്ടുള്ള ബാദ്ധ്യതകളുടെ വിശദവിവരങ്ങൾ ലഭിച്ചതിനുശേഷം അതിനെപ്പറ്റി ആലോചിക്കാവുന്നതാണ്. ഷോളയാർ മുതലായ പദ്ധതികളുടെ അംഗീകരിക്കപ്പെട്ട പുതിയ എസ്റ്റിമേറ്റുകൾ അനുസരിച്ചുള്ളതിൽക്കവിഞ്ഞുള്ള ബാദ്ധ്യതകളാണ് മുൻ സൂചിപ്പിച്ചതു്.

ഈ ഘട്ടത്തിൽ കനേഡിയൻ ഫൈക്കമ്മീഷൻ ധനകാര്യാലയത്തിനു് സമർപ്പിച്ചിരുന്ന ഒരു കണ്ണു് ശ്രദ്ധേയമാണ്. കരാറുണ്ടാക്കാൻ കുറച്ചുകാലമെടുത്തേയ്ക്കുമെങ്കിലും കുന്ദാപദ്ധതി സംബന്ധിച്ചുള്ള കരാറിലെ വ്യവസ്ഥകളനുസരിച്ചതന്നെ ഇട്ടക്കി പദ്ധതിയുടെ പ്രവർത്തനവും തുടരാവുന്നതാണെന്നും ആ കത്തിൽ പറഞ്ഞിരുന്നു.

ധനകാര്യമന്ത്രിയുടെ മുറിയിൽവച്ചുണ്ടായ ഈ യോഗത്തിൽ, അദ്ദേഹത്തിനുപുറമെ, കേരള ഏലക്ടിസിറാറി ബോർഡ് ചെയർമാൻ ശ്രീ ചണ്ണായും അഡൈഡ്സർ ഗോവിന്ദനാരായണനും മാറും ഉദ്യോഗസ്ഥന്മാരും പങ്കെടുത്തിരുന്നു.

ഇന്നലെ ജലസേചനകാര്യമന്ത്രിയും കേരള എം. പി. മാരും തമ്മിൽ കൂടിയാലോചന നടക്കുകയുണ്ടായി. ഈ യോഗത്തിൽ ധനകാര്യമന്ത്രിയുടെ മുറിയിൽ വെച്ചുണ്ടായ ചർച്ചകളുടെ വിവരങ്ങൾ ശ്രീമതി ദേവകീഗോപിദാസാണ് പ്രസ്താവിച്ചതു്.

ലെവി മേയ് 15 നുള്ളിൽ അളന്നാൽ മതി

കോട്ടയം, മെ. 13

കോട്ടയം ജില്ലയിൽ കുട്ടനാട്ടു് മുതലായ പ്രദേശങ്ങളിലെ കർഷകർ പുതുക്കിയ നിരക്കിലുള്ള ലെവി അളക്കുന്നതിനു് മേയ് 10-ാംനു-വരെയാണ് അവധി വച്ചിരുന്നതെങ്കിലും പ്രസ്തുത തീയതിക്കകം ലെവി അളക്കുവാൻ എല്ലാ കർഷകർക്കും സാധിച്ചിട്ടില്ലാത്തതിനാൽ അതിനുള്ള കാലാവധി മേയ് 15-ാംനു-വരെ നീട്ടിയിരിക്കുന്നതായും എല്ലാ കർഷകരും പ്രസ്തുത തീയതിക്കുള്ളിൽ പുതുക്കിയ നിരക്കനുസരിച്ചുള്ള ലെവി ഗവർമ്മെണ്ടിലേയ്ക്കു് അളന്നേൽപ്പിച്ചുകൊള്ളേണ്ടതാണെന്നും കോട്ടയം ജില്ലാ കളക്ടറുടെ ഒരറിയിപ്പിൽ പറയുന്നു. ഇന്നലെ നിർബന്ധിത ലെവി അനുസരിച്ച് 483 ക്വിന്റൽ നെല്ല് അളക്കുകയുണ്ടായി. (സ.പ ലേ)

—

വൈവാഹികം

ജോർജ്ജ്-അച്ചാമ്മ

പ്രമുഖക്രിസ്ത്യൻ കുടുംബാംഗമായ കരുമാല്ലൂർ ശ്രീ വക്കീൽ ജോസഫിന്റെ പുത്രൻ ശ്രീ കുര്യൻ ജോർജ്ജും, ആലുവായിലെ ഒരു വ്യവസായ പ്രമുഖനായ ശ്രീ കെ. കെ. വറുഗീസിന്റെ പുത്രി കുമാരി അച്ചാമ്മയും തമ്മിലുള്ള വിവാഹം ആർഭാടസമചിതം നടന്നിരിക്കുന്നു.

ജോയി-ഡോളി

(സ.പ ലേ) ആലുവാ, മേ 11

ആലുവായിൽപെരുമ്പായിപി. ആർ പോളിന്റെ മകനും, ഹിന്ദുസ്ഥാൻ ഇൻസെക്ടിസൈഡ്സിലെ (ഉദ്യോഗമണ്ഡൽ) ഉദ്യോഗസ്ഥനുമായി പി. പി. ജോയി ബി. എസ്സ്. സി. യും, പുറപ്പുഴയിൽ വയറാട്ടിൽ ചെത്തിക്കോഴ് ശ്രീ ജോസഫ് ചാക്കുയുടെപുത്രി കുമാരി ഡോളിയും തമ്മിലുള്ള വിവാഹം ആലുവാ സെൻറ് ഡോമിനിക്സ് ദേവാലയത്തിൽവച്ച് ഇന്നലെ സമംഗളം നടന്നിരിക്കുന്നു.

സതി-ദിവാകരൻ

മേലഡൂർ മെ. 11

മേലഡൂരിൽ പരേതനായ വെള്ളോപ്പള്ളത്തു് അവ്യുതൻനായരുടെ പുത്രി സതിയും, പുത്തൻവേലിക്കര പകുതി ആറാപുറം കരയിൽ കോഴിപ്പിള്ളി വീട്ടിൽ ശങ്കരൻനായരുടെ മകൻ പണ്ണിപ്പിള്ളി വീട്ടിൽ ദിവാകരനും തമ്മിലുള്ള വിവാഹം വധൂഗൃഹത്തിൽവച്ച നടത്തിയിരിക്കുന്നു.

....

സൊഡാലിറ്റി വാർഷികങ്ങൾ

ചെന്നൂപ്പിന്നി, മേ. 11

പെരുമ്പടപ്പ് പള്ളിയിലെ സൊഡാലിറ്റി വാർഷികം റവ. ഫാ. അബ്രാഹം കിഴക്കുടന്റെ അദ്ധ്യക്ഷതയിൽ കൊണ്ടാടിയിരിക്കുന്നു. റവ. ഫാ. ജെ. കടമ്പാട്ട് പറമ്പിൽ സഭസ്സിനെ സ്വാഗതമരുളി. തോമസ് പാറന്നൂർ പ്രസംഗിച്ചു. ബാലികമാരുടെ വിവിധ കലാപരിപാടികളും ഉണ്ടായിരുന്നു.

അമ്മിനെ അവൻ പ്രസവിച്ചു

ഫാദിശ, മേ 11

മെഡിക്കൽബോഡിൽ പരീക്ഷക്കിരിക്കാൻവന്ന ഒരു 'യുവാവ്' പ്രസവിച്ച ഒരു രസകരമായ ഒരു സംഭവം ഇവിടെ ഉണ്ടായിരിക്കുന്നു. ഇവന്ന് കാരിനമായ വയറാരിൽവേദനയെടുത്തു ആസ്പത്രിയിൽ പോവുകയും ചെയ്തു. പക്ഷെ, ഡോക്ടർ എത്ര നിർബ്ബന്ധിച്ചിട്ടും 'അവൻ' തന്റെ വയർ കാണിക്കാൻ കൂട്ടാക്കിയില്ല.

ആസ്പത്രി വരാന്തയിലെത്തുമ്പോഴേക്കും ഈ യുവാവ് പ്രസവിച്ചുകഴിഞ്ഞിരുന്നു. അപ്പോൾ മാതൃമാണ് വളരെ വഷളങ്ങളായി ആൺവേഷം ധരിച്ചു നടന്നിരുന്ന ഈ പെറ്റപ്പക്കാരിയുടെ പൊയ്പുറത്തായതു്. പേരും, ഊരും മാറ്റുവെയ്ക്കുവാൻ അവളെ പ്രേരിപ്പിച്ചതെന്തെന്നു വ്യക്തമാക്കിയിട്ടില്ല.

....

നെഹറു മെമ്മോറിയൽ ഓഡിറേറോറിയം കമ്മറി

തളിപ്പറമ്പ് മെയ് 12

നെഹറു മെമ്മോറിയൽ ഓഡിറേറോറിയം കമ്മറിയുടെ ഒരു യോഗം സ്ഥലം പഞ്ചായത്തു് ഓഫീസിൽ വെച്ച് ടി. കെ. വി. ഗോവിന്ദമാരാരുടെ അദ്ധ്യക്ഷതയിൽ ചേരുകയും ഐ. കെ. പൊതുവാൾ, നാരായണൻ, കെ. വി. ഗോവിന്ദമാരാർ കെ. നാരയണൻ എ. ജി. നായർ എന്നിവരെ യഥാക്രമം പ്രസിഡണ്ടു് വൈ. പ്ര. സിക്രട്ടറി ജോ. സിക്രട്ടറി ഖജാൻജി എന്നീ സ്ഥാനങ്ങളിലേയ്ക്കു് തിരഞ്ഞെടുത്തു. മുൻ കമ്മിറ്റിപ്പ് സംഖ്യയുള്ള കാലാവധി മേയ് 15-ാംനു-വരെ നീട്ടിയിരിക്കുന്നതായും എല്ലാ കഷ്കരും പ്രസ്തുത തീയതിക്കുള്ളിൽ പുതുക്കിയ നിരക്കനുസരിച്ചുള്ള ലെവി ഗവർമ്മെണ്ടിലേയ്ക്കു് അളന്നേൽപ്പിച്ചുകൊള്ളേണ്ടതാണെന്നും കോട്ടയം ജില്ലാ കളക്ടറുടെ ഒരറിയിപ്പിൽ പറയുന്നു. ഇന്നലെ നിർബന്ധിത ലെവി അനുസരിച്ച് 483 ക്വിന്റൽ നെല്ല് അളക്കുകയുണ്ടായി. (സ.പ ലേ)

—

ആലപ്പുഴ-കൊച്ചി തീരപ്രദേശം ക്ഷാമമേഖലയായി പ്രഖ്യാപിച്ച് ദുരിതാശ്വാസ നടപടികൾ തുടങ്ങണം

പൌരസമ്മേളനത്തിന്റെ തീരുമാനം-ആലപ്പി-കൊച്ചി കോസ്റ്റൽഡവ:കൌൺസിൽ രൂപീകരിച്ചു

(സ.പ. ലേ) ആലപ്പുഴ, മെയ് 12

ഇന്നും അവികസിതമായി അവഗണിക്കപ്പെട്ടുകിടക്കുന്ന ആലപ്പുഴ മുതൽ കൊച്ചിവരെയുള്ള തീരപ്രദേശങ്ങളുടെ ബഹുമുഖമായ പുരോഗതിക്കു വേണ്ട മാർഗ്ഗങ്ങൾ ആരായുന്നതിനും, പ്രവർത്തനപരിപാടികൾ ആവിഷ്കരിക്കുന്നതിനും ആലപ്പുഴ മുതൽ കൊച്ചിവരെയുള്ള പ്രദേശങ്ങളിലെ സാമൂഹ്യപ്രവർത്തകരുടെ ഒരു സമ്മേളനം ഒമ്പേശ്വരി സെൻറ് ജോസഫ് ഹാളിൽവച്ച് റവ. ഫാ. ജോസഫ് കോയിപ്പറമ്പിൽ അവർകളുടെ അദ്ധ്യക്ഷതയിൽ കൂടുകയുണ്ടായി.

യോഗത്തിൽ പാസ്സാക്കിയ പ്രമേയം വടെ ചേർക്കുന്നു:—

കഴിഞ്ഞ 35 കൊല്ലത്തെ പ്രവർത്തനശേഷവും അപൂർണ്ണമായി അവശേഷിക്കുന്ന ആലപ്പുഴ കൊച്ചി തീരദേശ റോഡിന്റെ ജനിയും പൂർത്തീകരിക്കേണ്ടിയിരിക്കുന്ന ഒമ്പേശ്വരി മുതൽ വെള്ളിത്തോട് വടക്കേയറ്റംവരെയുള്ള 8 മൈൽ റോഡും ഉടനെതന്നെ പൂർത്തീകരിക്കുന്നതിനും ഈ തീരദേശപ്രദേശങ്ങൾ ക്ഷാമമേഖലയായി പ്ര

സഹവർത്തിത്വത്തിലും ചേരിചേരാ നയത്തിലും ഇന്ത്യ ഉറച്ചുനിൽക്കുന്നു

സോവ്യറ്റ് ഗവർമ്മെണ്ട് നൽകിയ വിരുന്നസൽക്കാരത്തിൽ ശാസ്ത്രി

[റോയിട്ടർ] മോസ്കോ മേ. 13

തങ്ങളുടെ സ്വാതന്ത്ര്യവും പരമാധികാരവും നിലനിർത്തുന്നതിനുള്ള ഏതറ്റവും പറ്റിയ മാർഗ്ഗമെന്ന നിലയിൽ സമാധാനപരമായ സഹവർത്തിത്വത്തിലും ചേരിചേരാനയത്തിലും ഉറച്ചുനിൽക്കുവാനാണ് ഇന്നത്തെ സാഹചര്യത്തിൽ ഇന്ത്യ തീരുമാനിച്ചിരിക്കുന്നതെന്നു പ്രധാനമന്ത്രി ലാൽബഹാദൂർ ശാസ്ത്രി ഇവിടെവെച്ചു പ്രസ്താവിച്ചിരിക്കുന്നു.

ക്രെംലിൻ കൊട്ടാരത്തിൽവെച്ചു് തന്നെ ബഹുമാനാർത്ഥം സോവ്യറ്റ് ഗവർമ്മെണ്ടു നൽകിയ ഒരു വിരുന്നസൽക്കാരത്തിൽ പങ്കെടുത്തുകൊണ്ടു് സംസാരിക്കുകയായിരുന്നു പ്രധാനമന്ത്രി.

ഇന്ത്യയുടെ ചേരിചേരാനയത്തിനു് നിർബ്ബാധം പിന്തുണനൽകുന്ന സോവ്യറ്റ ഗവർമ്മെണ്ടിനോടു് മി. ശാസ്ത്രി നന്ദി പ്രകാശിപ്പിച്ചു. ഇന്ത്യയെ ബാധിക്കുന്ന ചില സുപ്രധാനപ്രശ്നങ്ങളും സംബന്ധിച്ചു് ഞങ്ങൾക്കുള്ള നിങ്ങളുടെ പിന്തുണയെ ഇന്ത്യാ ഗവർമ്മെണ്ടും ജനങ്ങളും അഗാധമായി വിലമതിക്കുന്നു. ഞങ്ങളുടെ സ്വാതന്ത്ര്യത്തിനും അഖണ്ഡതക്കും നേരെ ഭ്രമാത്മകമായ സമ്മർദ്ദങ്ങളും ഭീഷണികളും ഉണ്ടായിരുന്നിട്ടും ചേരിചേരാ നയത്തിൽ ഞങ്ങളും ഉറച്ചുനിൽക്കുന്നതിനുള്ള നിശ്ചയദാർഢ്യം അദ്ദേഹം പ്രകടിപ്പിച്ചതിൽ താൻ സന്തോഷിക്കുന്നുവെന്നും മി. ശാസ്ത്രി പറഞ്ഞു.

ഒരു സോഷ്യലിസ്റ്റ് സമുദായം പടുത്തുയർത്തുന്നതിനായി ഇന്ത്യ ശ്രമം നടത്തിവരികയാണെന്നും പ്രധാനമന്ത്രി പറഞ്ഞു.

സോവ്യറ്റ് യൂണിയനുമായുള്ള ജവഹർലാൽ നെഹ്രുവിന്റെ മൻകാലസഹകരണത്തെ മി. ശാസ്ത്രി അനുസ്മരിച്ചു. സോവ്യറ്റ് യൂണിയനിലെ ജനങ്ങളും ഇന്ത്യയോടു കാണിച്ചിരുന്ന സൌഹാർദ്ദത്തിന്റെ അഗാധമായ പ്രകടനങ്ങളും ജവഹർലാൽജിയെ ഹഠാദാകർഷിച്ചിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു.

ഞങ്ങളുടെ രാഷ്ട്രത്തിനും സ്വാതന്ത്ര്യം ലഭിച്ചശേഷം അദ്യമായി നയതന്ത്രബന്ധം സ്ഥാപിച്ചിട്ടുള്ള രാഷ്ട്രങ്ങളിലൊന്നാണ് സോവ്യറ്റ് യൂണിയൻ. നമ്മുടെ രണ്ടു രാഷ്ട്രങ്ങളും തമ്മിലുള്ള സൌഹാർദ്ദബന്ധത്തിന്റെ പുരോഗതി, ഇരു രാഷ്ട്രങ്ങളിലേയും ജനങ്ങളുടെ താല്പര്യത്തിനു മാത്രമല്ല ലോകത്തുമുള്ള സമാധാനത്തിനും ആവശ്യമാണെന്നു ബോധ്യം ഞങ്ങൾക്കുണ്ടു്.

കോസിജിന്റെ പ്രസംഗം

സോവ്യറ്റ പ്രധാനമന്ത്രിമി. കോസിജിൻ പാനോപചാരപ്രസംഗനടത്തി. ഇരു രാഷ്ട്രങ്ങളിലേയും ജനങ്ങളും തമ്മിലുള്ള സഹകരണം വിശാലമാക്കുന്ന മാർഗ്ഗത്തിലേക്കുള്ള സുപ്രധാനമായ ഒരു കാൽവെപ്പാണ് മി. ശാസ്ത്രിയുടെ സോവ്യറ്റ സന്ദർശനമെന്നു് മി. കോസിജിൻ പറഞ്ഞു. സമാധാനം ശക്തിപ്പെടുത്തി നിലനിർത്തുന്നതിലേക്കു് ഈ സന്ദർശനം സഹായകമാകും. സമാധാനത്തിനും അന്തർദ്ദേശീയ സുരക്ഷിതത്വത്തിനുമുള്ള സമരത്തിൽ ചേരിചേരാരാഷ്ട്രങ്ങളും സുപ്രധാനമായ ഒരു പങ്കാണു് വഹിച്ചുകൊണ്ടിരിക്കുന്നതു്. ഇരു ചേരിചേരാനയത്തിനു് മുൻകയ്യെടുത്തവരിൽ ഒരാളാണു് ഇന്ത്യയുടെ മഹാനായ നേതാവു് ജവഹർലാൽ നെഹ്രു എന്നും മി. കോസിജിൻ പറഞ്ഞു. അനേകം സുപ്രധാനപ്രശ്നങ്ങൾക്കു പരിഹാരം കാണുന്നതിനും സമാധാനപരമായ സഹവർത്തിത്വത്തിനുള്ള സമരത്തിനും രാഷ്ട്രങ്ങളും തമ്മിലുള്ള സഹകരണം വികസിപ്പിക്കുന്നതിനും ഈ നയം സഹായകമായിരുന്നിട്ടുണ്ടു്.

ഈ വിരുന്നസല്ക്കാരത്തിൽ സോവ്യറ്റ് ഗവണ്മെണ്ടിലേയും കമ്മ്യൂണിസ്റ്റ് പാർട്ടിയിലേയും എല്ലാ സീനിയർ മെമ്പർമാരും സംബന്ധിക്കുകയുണ്ടായി. പാർട്ടിയുടെ കന്നാം സിക്രട്ടറി മി. ലിയോനിഡ് ബ്രഷ്നോവു്, പ്രസിഡണ്ടു് അനാസ്റ്റാസ് മിക്കോയൻ രാജ്യരക്ഷാമന്ത്രി മി. മലിനോവ്സ്കി തുടങ്ങിയവർ വിരുന്നിൽ സംബന്ധിച്ചവരിൽ പെടുന്നു. സോവ്യറ്റ് യൂണിയൻ സന്ദർശിക്കുന്ന ഒരു പ്രധാനമന്ത്രിക്ക് നല്കുന്ന വിരുന്നസൽക്കാരവേളയിൽ ഇത്രയേറെ നേതാക്കന്മാർ ഇയ്യിടെ ഒന്നും സംബന്ധിച്ചിട്ടില്ലെന്നു് നിരീക്ഷകർ കരുതുന്നു. ഡിന്നറിനുശേഷം സോവ്യറ്റ നേതാക്കന്മാർ മി ശാസ്ത്രിയുമായി കൂടിയാലോചനകളും നടത്തി. പിന്നീടു് ക്രെംലിനകത്തെ ഒരു പ്രത്യേക തോട്ടത്തിലേയ്ക്കു് പ്രധാനമന്ത്രിയെ ആനയിക്കുകയും അവിടെ വച്ചുനടന്ന പുഷ്പങ്ങളും കാണിച്ചുകൊടുക്കുകയും ചെയ്തു.

—

രേഖകൾ തട്ടിക്കൊണ്ടുപോയെന്നു്

ടാൻ. എംപ്ലോയീസ് യൂണിയൻ സെക്രട്ടറിയുടെ പ്രസ്താവന

തിരുവനന്തപുരം, മെ. 13

ടാൻസ്പോർട്ട് എംപ്ലോയീസ് യൂണിയൻ ആക്ടിങ്ങ് ജനറൽ സെക്രട്ടറി ശ്രീ. വി. ശബരിയാരടിമ താഴെകൊടുക്കുന്ന പ്രസ്താവന പുറപ്പെടുവിച്ചിരിക്കുന്നു.

8_5_65_ൽ ആലപ്പുഴ കൂടിയ പ്രതിനിധി സമ്മേളനത്തിൽ മുൻ പ്രസിഡണ്ടു് ശ്രീ. ടി. വി. തോമസ് രാജിസമർപ്പിക്കുകയും യോഗം അതു അംഗീകരിക്കുകയുംചെയ്തു. തുടർന്നു ജനറൽസെക്രട്ടറി ശ്രീ. കെ. വി. സുരേന്ദ്രനാഥിനെ തൽസ്ഥാനത്തുനിന്നും നീക്കംചെയ്തതോടൊപ്പം അടുത്ത വാർഷികപ്രവർത്തനങ്ങൾക്കു് പ്രസിഡണ്ടായി മി. എൻ മാധവനാശാരിയേയും ആക്ടിങ്ങു ജനറൽ സെക്രട്ടറിയായി എന്നെയും യോഗം തെരഞ്ഞെടുത്തു.

തുടർന്നുള്ള പ്രവർത്തനങ്ങൾ നടത്തുന്നതിനായി യൂണിയന്റെ ബന്ധപ്പെട്ട രിക്കാർഡുകളിൽ ചിലതു പുതിയ ഭാരവാഹികളായ ഞങ്ങളെ ഏല്പിക്കാതെ മുൻ സെക്രട്ടറിയുടെ അറിവോടുകൂടി ഓഫീസു സെക്രട്ടറിയും ഏതാനും ആളുകളുംകൂടി ഞാൻ ഇല്ലാതിരുന്ന അവസരത്തിൽ ഓഫീസിൽനിന്നും കടത്തികൊണ്ടുപോയിരിക്കുകയാണു്. ഒതുക്കിലാളികളെ സംബന്ധിച്ചിടത്തോളം വളരെവിലപ്പെടിപ്പുള്ള ഈ രിക്കാർഡുകൾ കൊണ്ടുപോയതിൽ തൊഴിലാളികളുടെ ഇടയിൽ കടുത്ത അമർഷവും എതിർപ്പും ഉണ്ടാക്കിയിട്ടുണ്ടു്. ഈ രിക്കാർഡുകൾതിരിച്ചുകിട്ടുന്നതിനുവേണ്ടി എല്ലാവിധ നടപടികളും സ്വീകരിക്കുന്നതാണെന്നു ഞാൻ ഉറപ്പു പറയുന്നു.

ജൂൺ 13_ംതീയതി നടക്കുന്ന വാർഷികസമ്മേളനം വിജയിപ്പിക്കുന്നതിനു എല്ലാ ടാൻസ്പോർട്ട് ജീവനക്കാരോടുംയൂണിയന്റെ പേരിൽ ആഹ്വാനംചെയ്യുകൊള്ളുന്നു. ഈമാസം 17_ംതീയതി വൈകുന്നേരം 5 മണിക്കു് യൂണിയന്റെ ജനറൽ കൗൺസിലിന്റെ ഒരു യോഗം തിരുവനന്തപുരത്തുവച്ചു കൂടുന്നതാണു്. പ്രസ്തുത യോഗത്തിൽ എല്ലാ ജനറൽകൗൺസിൽ മെമ്പർമാരും എല്ലാ ഡിസ്ട്രിക്ടു് പ്രസിഡണ്ടു്_സെക്രട്ടറിമാരും പങ്കെടുക്കണമെന്നു പ്രത്യേകം അറിയിച്ചുകൊള്ളുന്നു.

....

കോട്ടയത്തു് അപകടങ്ങളുടെ ദിവസം

കോട്ടയം, മെ 12

കോട്ടയം മെഡിക്കൽ കോളേജ് ആശുപത്രിയിൽ അടുത്ത കാലത്തെങ്ങും ഉണ്ടായിട്ടില്ലാത്തവിധം അപകടമരണങ്ങളുടെ ദിവസമായിരുന്നു ഇന്നു്.

8 വയസ്സു് പ്രായമുള്ള ഒരാൺകുട്ടി മുതൽ 65 വയസ്സു പ്രായം വരുന്നവരെ വിവിധ അപകടങ്ങൾ നിമിത്തം ആശുപത്രിയിൽ എത്തിയ ആരുപേർ ഇന്നു മരണമടയുകയുണ്ടായി. ഇതു് നിമിത്തം ടൗൺ പോലീസിനും മെഡിക്കൽ കോളേജ് ആശുപത്രിയിലെ ബന്ധപ്പെട്ടവർക്കും തീരാക്കോറിയ ഒരു ദിവസമായിരുന്നു.

ഈരേക്കടവുഭാഗത്തുള്ളആശാരി(65) എന്ന വൃദ്ധനെ വയറുവേദനയെ തുടർന്നു് റിക്ഷായിൽ ആശുപത്രിയിലെത്തിച്ചു. ആശുപത്രിയിൽ എത്തിയതോടെ അയാൾ മരണമടഞ്ഞു.

മൂങ്കം ഭാഗത്തു് തിരുവാറക്കടവിൽ വെള്ളത്തിൽ വീണു് 8 വയസ്സു് പ്രായമുള്ള ഗുർദ്ദിൻ എന്ന മുസ്ലീം ബാലൻ മരണമടഞ്ഞു.

കറിച്ചിയിലുള്ള പത്മിനി (16) എന്ന ഒരു വിദ്യാർത്ഥിനി ടിക_20 കഴിച്ചു തുടർന്നു് പറയപ്പെടുന്ന ഗുരുതരമായ നിലയിൽ ആശുപത്രിയിൽ പ്രവേശിപ്പിച്ചെങ്കിലും ആ പെൺകുട്ടി മരണമടഞ്ഞു.

പൂഞ്ഞാറിനടുത്തു് പോതാനൂഴവച്ചു് പാറ വെടിവെയ്ക്കുന്നതിനിടയിലുണ്ടായ അപകടം നിമിത്തം പരുക്കേറ്റ് ആസ്പത്രിയിൽ പ്രവേശിപ്പിച്ച തോമസ് (34) എന്നയാളാണു് മരണമടഞ്ഞ മറ്റൊരു ഹതഭാഗ്യൻ.

അതിരമ്പുഴ ഭാഗത്തുവച്ചുണ്ടായ ഒരു കശപിശയിൽ വെട്ടും കുത്തുമേറ്റ് ആസ്പത്രിയിൽ പ്രവേശിപ്പിക്കപ്പെട്ട രാഘവൻ (24) ആണു് മരണമടഞ്ഞ മറ്റൊരാൾ.

കക്കിയിൽവച്ചു് സിമൻറ് ചാക്ക് ലോറിയിൽ കയറ്റുന്നതിനിടയിൽ തലയിൽ വീണു് ഗുരുതരമായ നിലയിൽ ആശുപത്രിയിൽ പ്രവേശിപ്പിച്ച രാമസ്വാമി എന്നയാളാണു് മരണമടഞ്ഞ ആറാമത്തെ ആൾ.

ഇതിൽ രാമസ്വാമിയുടെ ശവശരീരം മാത്രം ഏറ്റുവാങ്ങാൻ ഉടമസ്ഥരുണ്ടായിരുന്നില്ല.

....

ആരുമായും കൂട്ടുന്നില്ല

പി. എസ്. പി. ജനറൽ സിക്രട്ടറി പ്രേംഭാസിൻ തിരുവനന്തപുരത്തു്

(പി ടി ഐ) തിരുവനന്തപുരം, മെയ് 13

സ്വന്തം ശക്തി കെട്ടിപ്പടുക്കുന്നതിനും ഭാവിയിൽ സ്വന്തം കാലുകളിൽനിന്നു് മത്സരിക്കുന്നതിനുമാണു് തന്റെ പാർട്ടി ശ്രമിച്ചുകൊണ്ടിരിക്കുന്നതെന്നു് പി. എസ്. പി. ജനറൽ സെക്രട്ടറി മി. പ്രേംഭാസിൻ ഇന്നിവിടെവെച്ചു് പ്രസ്താവിച്ചിരിക്കുന്നു.

പാർട്ടിയെ തകച്ചുയിലേയ്ക്കു് നയിക്കുന്നതിനു കഴിഞ്ഞകാലങ്ങളിൽ ഇതരപാർട്ടികളുമായുണ്ടായ സഖ്യങ്ങളും ഭാവിയിൽ ഒരിക്കലുമുണ്ടാകില്ലെന്നു് ഭാസിൻ തുടർന്നു് പറഞ്ഞു. ഇന്ത്യയിലെയാകെ പാർട്ടിക്കു് ജനങ്ങളിൽ കൂടുതൽ സ്വാധീനശക്തി ചെലുത്തുവാൻ കഴിഞ്ഞിട്ടുണ്ടെന്നാണു് അദ്ദേഹത്തിന്റെ അഭിപ്രായം.

—

പിന്നോക്കവർഗ്ഗ സമുദ്ധാരണത്തിനു 205 കോടിക

[പി ടി ഐ] ന്യൂഡൽഹി, മേ 13

നാലാംപഞ്ചവത്സരപദ്ധതിക്കാലത്തു് പിന്നോക്കവർഗ്ഗങ്ങളുടെ വികസനപരിപാടിക്കായി 205_കോടി രൂപ നീക്കിവെച്ചിട്ടുള്ളതായി കേന്ദ്രസോഷ്യൽ സെക്യൂരിറ്റിവകുപ്പിലെ ഡെപ്യൂട്ടിമന്ത്രി ശ്രീമതി ചന്ദ്രശേഖർ പ്രസ്താവിച്ചിരിക്കുന്നു.

ഭൂമിയില്ലാത്ത തൊഴിലാളികൾക്കു് സൗജന്യ സ്ഥലമനുവദിക്കുന്നതിനായി 30_കോടി രൂപയും ഇതിൽ ഉൾപ്പെടുമെന്നും അവർ പറഞ്ഞു. പിന്നോക്കവർഗ്ഗങ്ങളുടെ സാമ്പത്തികോന്നമന പ്രശ്നങ്ങളും, തൊട്ടുകൂടായ്മ എന്നീ കാര്യങ്ങളും പരിശോധിക്കുന്നതിനായി കേന്ദ്രഗവർമ്മെണ്ടു് രൂപീകരിച്ച കമ്മറിയുടെ പ്രഥമയോഗത്തിൽ സംസാരിക്കുകയായിരുന്നു അവർ. ആവശ്യമെങ്കിൽ ഈ അനുദിച്ച തുക വീണ്ടും വർദ്ധിപ്പിക്കുമെന്നു് പ്ലാനിംഗ് കമ്മീഷൻ സൂചന നൽകിയിട്ടുള്ളതായും അവർ പറഞ്ഞു.

—

ഒരു ഏലിയെ കൊന്നാൽ അഞ്ചുപൈസ

ആലപ്പുഴ, മേ. 11

കുമനട പഞ്ചായത്തിൽ എലി നശീകരണവാരം ആരംഭിച്ചിരിക്കുന്നു. പഞ്ചായത്തു് മേഖലയിലെ വീടുകളിൽവിറ്റിനും ഇന്നുമുതൽ കൊല്ലപ്പെടുന്ന കാരോ എലിക്കും 5പൈസ തോതിൽ ഗ്രാഹനാഥനു് ധനസഹായം ലഭിക്കുന്നതാണു്.

ഈ പ്രോത്സാഹനം ആവശ്യമുള്ള ഏതാനാഥന്മാർ 15 പൈസ കൊടുത്തു് ഗ്രാമസേവകനിൽനിന്നു് ആദ്യം എലിവിഷം വാങ്ങണം. പിന്നീടു് ഈ മരുന്നുമൂലം കൊല്ലപ്പെടുന്ന എലികളുടെ കണക്കു് ബോധ്യപ്പെടുത്തണം. എലി നശീകരണവാരം അവസാനിക്കുംവരെ മാത്രമേ ഈ ആനുകൂല്യം ഉണ്ടായുകയുള്ളു. പാക്കേജു് പരിപാടിയോടനുബന്ധിച്ചു് കുമനട പഞ്ചായത്തിനേറയും സഹകരണത്തോടെയാണു് ഈ എലി നശീകരണപദ്ധതി ആവിഷ്കരിച്ചിരിക്കുന്നതു്.

സ.പ. ലേ.

.....

കുഷിക്കുംകുടികിടപ്പുകാക്കും സ്ഥലമില്ലാത്ത അവസ്ഥ

റബ്ബർ പ്ലാന്റേഷനുവേണ്ടി ഒരു വ്യക്തിക്കു് മൂന്നര ഏക്കർ ഭൂമിവീതം പതിച്ചുകൊടുക്കുന്ന പദ്ധതി സ്ഥലത്തിന്റെ കുറവുമൂലം ഗവണ്മെണ്ടു് കഴിഞ്ഞ രണ്ടു മൂന്നു് കൊല്ലമായി ഉപേക്ഷിച്ചിട്ടിരിക്കുകയാണു്. അതുപോലെതന്നെ പദ്ധതി പ്രദേശത്തുനിന്നും മറ്റും ഇറക്കുന്നവരെ താമസിപ്പിക്കുന്നതിനും ഭൂമി കാണാതെ ഗവണ്മെണ്ടു് കഴയുന്നുണ്ടു് എന്നു പറയപ്പെടുന്നു.

അങ്ങനെ ഭൂമിക്കുവേണ്ടി ഗവണ്മെണ്ടും ജനങ്ങളും ബുദ്ധിമുട്ടുമ്പോഴാണു് പതിനായിരക്കണക്കിനു് ഏക്കർ ഭൂമി ഒരു വ്യക്തിക്കു് പതിച്ചുകൊടുക്കുവാൻ ചില കേന്ദ്രങ്ങളും തയ്യാറെടുക്കുന്നതു്. ഈ ഭൂമി പതിവിനെപ്പറ്റി ചില കേന്ദ്രങ്ങളും കനത്ത പ്രതിഷേധവും പ്രകടിപ്പിക്കുന്നുണ്ടു്.

തളിപ്പറമ്പിലെ ഭക്ഷ്യവിഷബാധ

ഒരു കുട്ടി മരണമടഞ്ഞു

തളിപ്പറമ്പു്, മേയ് 12

തടിക്കടവംശത്തിൽ, ആലക്കോടു്_കരുവ ഞാലമീൻവറ എന്ന സ്ഥലത്തുനിന്നു്, പന്നിയിറച്ചി ഭക്ഷിച്ചതിനെ തുടർന്നു് 15പേരെ കണ്ണൂർ, തളിപ്പറമ്പു് ആസ്പത്രികളിൽ പ്രവേശിപ്പിച്ചതായി റിപ്പോർട്ടു് ചെയ്തിരുന്നുവല്ലോ. ഇതിൽപെട്ട സരസ (6 വയസ്സു്) ഇന്നലെ കണ്ണൂർ ആസ്പത്രിയിൽവെച്ചു് മരണപ്പെട്ടിരിക്കുന്നു.

ഇവർക്കു് കൃത്യസമയത്തു് ചികിത്സലഭിക്കായ്കയാലാണു് ഈ മരണമുണ്ടായതെന്നു് ദൃക്ഷേപവും ഉയർന്നിട്ടുണ്ടു്.

ആരുമായും കൂട്ടുന്നില്ല

പി. എസ്. പി. ജനറൽ സിക്രട്ടറി പ്രേംഭാസിൻ തിരുവനന്തപുരത്തു്

(പി ടി ഐ) തിരുവനന്തപുരം, മെയ് 13

സ്വന്തം ശക്തി കെട്ടിപ്പടുക്കുന്നതിനും ഭാവിയിൽ സ്വന്തം കാലുകളിൽനിന്നു് മത്സരിക്കുന്നതിനുമാണു് തന്റെ പാർട്ടി ശ്രമിച്ചുകൊണ്ടിരിക്കുന്നതെന്നു് പി. എസ്. പി. ജനറൽ സെക്രട്ടറി മി. പ്രേംഭാസിൻ ഇന്നിവിടെവെച്ചു് പ്രസ്താവിച്ചിരിക്കുന്നു.

പാർട്ടിയെ തകച്ചുയിലേയ്ക്കു് നയിക്കുന്നതിനു കഴിഞ്ഞകാലങ്ങളിൽ ഇതരപാർട്ടികളുമായുണ്ടായ സഖ്യങ്ങളും ഭാവിയിൽ ഒരിക്കലുമുണ്ടാകില്ലെന്നു് ഭാസിൻ തുടർന്നു് പറഞ്ഞു. ഇന്ത്യയിലെയാകെ പാർട്ടിക്കു് ജനങ്ങളിൽ കൂടുതൽ സ്വാധീനശക്തി ചെലുത്തുവാൻ കഴിഞ്ഞിട്ടുണ്ടെന്നാണു് അദ്ദേഹത്തിന്റെ അഭിപ്രായം.

—

വെഞ്ചരിപ്പ് കർമ്മവും ഭക്തസംഘടനാ വാർഷികവും

(സ.പ. ലേ) നെല്ലായി, മേയ് 12

നെല്ലായി പള്ളിയോടനുബന്ധിച്ചു് പുതുതായി പണിതീർത്ത കെട്ടിടത്തിന്റെ വെഞ്ചരിപ്പ്കർമ്മവും,കുട്ടികളുടെ സ്ഥൈര്യലേപനകർമ്മവും മേയ് 15_ംനു ശനിയാഴ്ച 3 മണിക്കു് തൃശ്ശൂർ രൂപതാധ്യക്ഷൻ റൈറ്റ്: റവ. ഡോക്ടർ ജോഷ്വാ ആലപ്പാട്ടു് തിരുമേനി നിവ്വഹിക്കുന്നതാണു്. പീറോനു് (ഞായാഴ്ച) ഉച്ചതിരിഞ്ഞു് നെല്ലായി പള്ളിയിൽ സ്ഥാപിതമായിരിക്കുന്ന മരിയൻ സൊഡാലിറിയുടേയും, മാതൃസംഘത്തിന്റെയും, അഖിലകേരളാ ക്രാത്തലിക കോൺഗ്രസ്സിന്റേയും സംയുക്ത വാർഷികം റവ: ഫാദർ ജോസു് അക്കരക്കാരന്റെ അദ്ധ്യക്ഷതയിൽ കൂടുന്നതാണു്. യോഗത്തിൽ ബ്രദർ: ജോഷ്വാ കാളൻ, മിസ്സിസ് പി. പി. കൊച്ചുത്രേസ്യ എന്നിവർ പ്രസംഗിക്കുന്നതാണു്. യോഗാനന്തരം 'ബന്ധം ബന്ധനമല്ല' എന്ന സാമൂഹ്യ സംഗീതനാടകം അവതരിപ്പിക്കുന്നതായിരിക്കും.

....

സുഖനിദ്രക്കും,

നാനാപ്രകാരേണ നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന രസം, രക്തം, മാംസം, മേദസ്സു്, അസ്ഥി, മജ്ജ, ശുക്ലം എന്നീ ധാതുക്കളേയും ഓജസ്സിനേയും, ഓമ്പശക്തി, ബുദ്ധിശക്തി എന്നിവയേയും വർദ്ധിപ്പിക്കുന്നതിനും;

ഉഷ്ണാധിക്യം, രക്തദുഷ്യം, മെലിച്ചിൽ, വാതകോപം, പിത്തവു്, ഉളുക്കു് എന്നിവയിൽനിന്നുണ്ടാവുന്ന നീർവീഴ്ച, ഇമ്മൽ, ചുമ, തലവേദന, ഏങ്ങൽ (ആസ്തമ), കൈകാൽ കഴപ്പു്, നീർക്കെട്ടു്, വേദന, എല്ലുപൊളിച്ചിൽ, ചൊറി, വ്രണം മുതലായ രോഗങ്ങളെ ശമിപ്പിക്കുന്നതിനും, തൊലിക്കു് നിറം, ഉറപ്പു്, മിനുസം എന്നിവയെ ഉണ്ടാക്കുന്നതിനും മറ്റുമായി

(ആരോഗ്യസംരക്ഷണാർത്ഥം)

ദിനംപ്രതി തലയിലും ദേഹത്തിലും തേച്ചുകുളിപ്പാൻ

കാളൻസ്

ശാരിബാതൈലം

ഏറ്റവും ഉത്തമമായിട്ടുള്ളതാകുന്നു. കൂടുതൽ വിവരങ്ങൾക്കു് കാളൻസ് സെയിൽസ് ഡിപ്പോകം (തിരുവനന്തപുരം—സ്റ്റാച്ച്യൂറോഡു്, കോട്ടയം—പുളിമൂട്ടിൽ കവല, ആലപ്പുഴ—ബോട്ടുജെട്ടിക്കുസമീപം, എറണാകുളം—കാനൻഷെഡ് റോഡു്, തൃശ്ശൂർ—മുൻസിപ്പാൽ ആഫീസു് റോഡു്, കോഴിക്കോടു്—മിഠായിതെരുവു്, തലശ്ശേരി—മിഷ്യൻ സ്ട്രീനിനു സമീപം, കണ്ണൂർ—കാംബസാർ ഈസ്റ്റു്) സന്ദർശിക്കുകയോ കാളൻസ് ഏജൻസികളെ സമീപിക്കുകയോ, താഴെ കാണുന്ന വിലാസത്തിൽ എഴുതുകയോ ചെയ്യുക.

കാളൻ, നെല്ലായി S. INDIA.

ചൈനയുടെ ഇന്ത്യാവിരുദ്ധ പ്രചരണം

അന്വേഷണം നടത്താൻ ആഫ്രോ_ഏഷ്യൻകോൺഫറൻസ് ചെയർമാൻ ഉത്തരവിട്ടു

[പി ടി ഐ] യിനെബ [ഘാന] മേ. 13

ഇടെ നടന്നവരുന്ന നാലാം ആഫ്രോ_ഏഷ്യൻ സൊളിഡാരിറ്റി കോൺഫറൻസിൽ സംബന്ധിച്ചവരുന്നവക്കിടയിൽ ചൈനീസ് പ്രതിനിധി ഇന്ത്യാ വിരുദ്ധ ലഘുലേഖകം വിതരണംചെയ്തതു സംബന്ധിച്ചു് ഒരന്വേഷണം നടത്തുന്നതിനു് കോൺഫറൻസ് ചെയർമാൻ മി. നാഥാനിയേൽ വെൽബക് ഇന്നു് ഉത്തരവിട്ടിരിക്കുന്നു.

ാൺ ഓഫ് കച്ചു് പ്രശ്നത്തിൽ പാസ്ഥാനെ പിന്തുണച്ചും സീനോ_ഇൻ അതിർത്തിത്തക്കത്തിൽ ഇന്ത്യയെ നിലപാടിനെ എതിർത്തുകൊണ്ടുള്ള യിരുന്ന ചൈനീസ് പ്രതിനിധി രണംചെയ്ത ലഘുലേഖ ഇതിൽ ഇ ൻ ഡ്യഗവേഷൻ കഴിഞ്ഞ ചൊവ്വാ സിക്യൂരിറ്റിയേറോൽ പ്രതിഷേധിക്ക ങ്ങളായി. എന്നാൽ ലഘുലേഖ വിനം ചെയ്തതിനെ ചൈനീസ് പ്ര നിധിസംഘം നിഷേധിക്കുകയാണു യതു് ഇന്നലെ മി. വെൽബേക് ഇ ൻ പ്രതിനിധിസംഘത്തിന്റെ നേ ായ മി. ഗോവിന്ദ് സാഹായിയെ, ുലേഖാവിതരണം സംബന്ധിച്ചു് ന്വേഷണം നടത്താൻ ഉത്തരവായി വിവരം അറിയിക്കുകയുണ്ടായി.

.....

മാർക്കറ്റ്

മെയ് 13

തൃശ്ശൂർ

ിപ്പെട്ടെന്ന (കപിൻറലിനു്)		381_00
ുന്നാക്കു്	,,	63_00
ുളകു്	,,	370_50
ുവന്തി	,,	74_00

ആലപ്പുഴ

ിച്ചുണ്ണ (കപിൻറൽ(ക്ലീൻ)		385_00
ൽക്ലീൻ		378_00
ുന്നാംഅവുധി	,,	375_00
ുന്നാംഅവുധി	,,	334_75
ുച്ച പുകരാശി		260_00
ുളിവു്	,,	265_00
ുന്നാക്കു്	,,	59_00
ുളകു് പാലാ		379_50
ുക്കൻ	,,	375_00
ുന്നാം അവുധി	,,	400_00
ുന്നാം അവുധി		420_00
്		400_00
ുാഠം		250_00
ു പാക്കു്		450_00
ു അയ്യൂനൂറ്റു്		125_00
ു ആലപ്പുടൻ		110_00
ു ആറാട്ടുപുഴ		105_00
ു അഷ്ടമുടി		85_00
ു മങ്ങാടൻ		110_00

inted and Published by Paul Vappila for the A. C. P. Institute at Thozhilali Press Trichur.

വാദി പ്രതിയായി

തളിപ്പറമ്പു് മെ. 12

ഇരിക്കൂർ സ്റ്റേഷനുത്തിയിൽപെട്ട കുറുമ്പാംശം മണിക്കടവ് ദേശത്തുവെച്ചു് കഴിഞ്ഞ 14_3_65നു് K. L. D. 1183 ജീപ്പിൽനിന്നു് പോലീസു് ഹെഡ്കൺസ്റ്റബിളും നാരായണൻ 84പേക്കറ്റ് പാൽപൊടി കണ്ടുപിടിച്ചു കേസ്സു് റജിസ്റ്റു് ചെയ്ത അന്വേഷണം നടത്തിവരികയായിരുന്നു. ഈ കളവു് സംബന്ധിച്ചു് സെൻറ്, തോമസ് സ്കൂൾഹെഡ്മാസ്റ്ററായ വി. വി. മാത്യുവിനെ ഇന്നലെ തളിപ്പറമ്പ് സർക്കിൾ ഇൻസ്പക്ടർ സി. പി. ബാലകൃഷ്ണൻനായർ ഇവിടെവെച്ചു് അാസ്റ്റ്ചെയ്തിരിക്കുന്നു.

പ്രസ്തുതസാധനങ്ങൾ തന്റെ സ്കൂളിൽ നിന്നു് പാൽപൊടി കളവുപോയിട്ടുണ്ടെന്നു് പറഞ്ഞുകൊണ്ടു് ഇരിക്കൂർ പോലീസിൽ ഒരു ഹരജി ബോധിപ്പിച്ചിട്ടുണ്ടെന്നതു് പ്രത്യേകം പ്രസ്താവ്യമാണു്. കേസന്വേഷണം തുടങ്ങിയതോടെ ഈ മാസ്റ്റർ കളിവിൽ പോയതും. പാൽപ്പൊടി വാങ്ങിച്ച കഞ്ഞകുട്ടി എന്നയാളും ഒളിവിലാണു്. അയാളെ പിടികിട്ടിയിട്ടില്ല.

....

ആം റയിൽവേസേഫ് റാ എക്സിബിഷൻ

ബോംബെ, മേയ് 12

അപകടങ്ങളും ഒഴിവാക്കാൻ റയിൽവേയ്സ് അടുത്ത കാലത്തു് സ്വീകരിച്ചിട്ടുള്ള ചില ഉപാധികളേയും, അവയെകുറിച്ചുള്ളനേട്ടങ്ങളെയുംപ്പറ്റിയുള്ളകരുപ്രദർശനം 'ആം റയിൽവേ സേഫ്ടി എക്സിബിഷൻ' എന്ന പേരിൽ സെൻട്രൽ റയിൽവേയുടെ ആഭിമുഖ്യത്തിൽ ഇവിടെ ആരംഭിച്ചിരിക്കുന്നു.

റോഡ് യാത്രക്കാക്ക് ലവൽക്രോസിംഗുകളിൽ മുന്നറിയിപ്പ് നൽകുന്ന ഉപകരണങ്ങളും, ജാപ്പാനീസ് ലോക്ക് ആന്റ് ബ്ലോക്ക്, 'ഓട്ടോക്കോ ടെക്നിക്കൽ സെൽ' എന്നിവ പ്രദർശനത്തിൽ പ്രധാന്യമർഹിക്കുന്നവയാണു്. വളരെയധികം ലൈനുകളും ഉള്ളപ്പോൾ അപകടം ഒഴിവാക്കുന്ന ഉപകരണമാണു് ലോക്ക് ആന്റ് ബ്ലോക്ക്. (കേരളാപ്രസ്സു്)

.....

വെഞ്ചരിപ്പ് കർമ്മവും ഭക്തസംഘടനാ വാർഷികവും

(സ.പ. ലേ) നെല്ലായി, മേയ് 12

നെല്ലായി പള്ളിയോടനുബന്ധിച്ചു് പുതുതായി പണിതീർത്ത കെട്ടിടത്തിന്റെ വെഞ്ചരിപ്പ്കർമ്മവും,കുട്ടികളുടെ സ്ഥൈര്യലേപനകർമ്മവും മേയ് 15_ംനു ശനിയാഴ്ച 3 മണിക്കു് തൃശ്ശൂ